D 205
559



IMMACULATE MONASTERY
KOTTAYAM

പുഷ്പാഞ്ജലി


D 263
559

ധ്യാനാഞ്ജലി



ഗ്രന്ഥകർത്താ:

കെ. പി. ഇട്ടൂരാ ബി. എ. ബി. എൽ.



Free Distribution
DVK Central Library
Bangalore - 560 029

പ്രസാധകർ:

എസ്. എച്ച്. ലീഗ്, മംഗലപ്പുഴ സെമ്മിനാരി,
ആലുവാ

PRINTED AT
THE MAR LOUIS MEMORIAL PRESS, ERNAKULAM
1950 മേയ് 13

വില 8 ണ.

NIHIL OBSTAT

Fr. Thomas Mootheden *M. A., D. D.*

Ernakulam,
21 April 1950

IMPRIMATUR

Mgr. Mathew Pothanamuzhi,
Vicar General

Ernakulam,
13th May 1950



അവതാരിക

കേരളീയ കത്തോലിക്കർ പണ്ടേ അഭിവിലുപ്തമാക്കിയ ഭക്തകൃത്യമാണു് ജപമാലപ്രാർത്ഥന. സന്ധ്യാസമയത്തു് തോരും കൂട്ടമായി കൊന്തനമസ്കാരം ചൊല്ലുന്ന പതിവു നമുക്കുണ്ടു്. എന്നാൽ അതു വേണ്ടത്ര ഭക്തിയോടും ധ്യാനത്തോടും കൂടെയാണോ ചൊല്ലുന്നതെന്നതു് സംശയമാണു്. മുപ്പത്തിമൂന്നുകൊല്ലം മുമ്പു് ഫാത്തിമാനാഥ ജപമാല നമസ്കാരത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനെ നാം ഓർമ്മിക്കുന്നതു് അവസരോചിതമായിരിക്കും. "ഞാൻ ജപമാലനാഥയാണു്. വിശ്വാസികൾ തങ്ങളുടെ ജീവിതം നന്നാക്കണമെന്നു് അവരെ അനുശാസിക്കുന്നതിനാണു് ഞാൻ വന്നിരിക്കുന്നതു്. അവർ ജപമാല ചൊല്ലണം. അതു ശരിയായി ചൊല്ലുകയും വേണം." എന്നാണു് മാതാവു് അരുളിച്ചെയ്തതു്.

കൊന്തനമസ്കാരം ശരിയായി ചൊല്ലുന്നതിനു ദിവ്യരക്ഷകനായ മിശിഹായുടേയും അവിടുത്തെ പരിശുദ്ധമാതാവായ കന്യകാമറിയത്തിന്റേയും ജീവിതരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം ആവശ്യമാണു്. ഈ ദിവ്യരഹസ്യങ്ങളാണല്ലൊ നമ്മുടെ വിശ്വാസസത്യങ്ങളുടെ സംഗ്രഹം.

മലയാളഭാഷയിൽ ജപമാലപ്രാർത്ഥന ശരിയായും നല്ല വണ്ണവും ചൊല്ലുന്നതിനു നമ്മെ സഹായിക്കുന്ന നല്ലൊരു ധ്യാനപ്പുസ്തകത്തിന്റെ കുറവുണ്ടായിരുന്നു. അതു് ശ്രീ കെ. പി. ഇട്ടൂരാ, ബി. എ. ബി. എൽ. അദ്ദേഹത്തിന്റെ "ധ്യാനാഞ്ജലി" കൊണ്ടു പരിഹരിച്ചിരിക്കുന്നു എന്നു പ്രസ്താവിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷമാണുള്ളതു്. ലളിതസുന്ദരമായ ഭാഷയിൽ കൊന്തനമസ്കാരത്തിന്റെ ആദ്യത്തെ അഞ്ചു രഹസ്യങ്ങളെക്കുറിച്ചുള്ള പ്രതിപാദനമാണു് ഈ "ധ്യാനാഞ്ജലി"യുടെ ഉള്ളടക്കം. ശേഷമുള്ളവയും കാലതാമസം കൂടാതെ പ്രസിദ്ധപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

"ധ്യാനാഞ്ജലി" ഞാൻ ആദ്യന്തം വായിച്ചതാണു്. ശ്രീ ഇട്ടൂരായുടെ പ്രതിപാദനരീതി ഹൃദ്യമായിട്ടുണ്ടു്. സാധാരണക്കാർക്കു് മനസ്സിലാകത്തക്ക രീതിയിലാണു് ദിവ്യരഹ

സുഹൃത്തുക്കളുടെ വിശദമായ വിവരണം. വൈദികശാസ്ത്രത്തിൽ പ്രത്യേകപഠനമൊന്നുമില്ലാത്ത ഒരാൾക്കു് ഇത്ര നല്ലവണ്ണം ഗഹനമായ ഈ വിഷയത്തെക്കുറിച്ചു പണ്ഡിതോചിതമായി പ്രതിപാദിക്കുവാൻ കഴിഞ്ഞതു് ഒരു വലിയനേട്ടമായിട്ടാണു് ഞാൻ കരുതുന്നതു്. അതിനു എന്റെ വിനീതമായ അഭിനന്ദനം.

പക്ഷെ ഈ പുസ്തകത്തിന്റെ വിജയം, എല്ലാ കേരളീയ കത്തോലിക്കാ കുടുംബങ്ങളിലും ഈ പുസ്തകത്തിനു പ്രവേശനമുണ്ടാകുമ്പോൾ മാത്രമേ പൂർണ്ണമാകയുള്ളൂ. ധ്യാനസമന്വിതം ജപമാലപ്രാർത്ഥന ചൊല്ലുന്നതിനുള്ള ഒരു സഹായി എന്നുള്ളതേ ശം അപ്പോൾ സഫലമാകും. അതുകൊണ്ടു "ധ്യാനാഞ്ജലി"ക്കു പ്രചുരപ്രചാരം ആശംസിച്ചുകൊണ്ടും, ജപമാല പ്രാർത്ഥന നമ്മളെല്ലാവരേയും മാതാവുവഴി ദൈവത്തിങ്കലേക്കു അടുപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടിയും ഈ ഗ്രന്ഥത്തെ ബഹുജനസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

St. Theresa's Monastry,
Ernakulam
13th May 1950

Fr. John of the Cross O. C. D.

മുഖവുര

നമ്മുടെ മിക്കഭവനങ്ങളിലും ജപമാല ചൊല്ലുന്നുണ്ട്; പക്ഷേ യാന്ത്രികമെന്നോണം അതങ്ങനെ നടക്കുന്നുവെന്നല്ലാതെ, അതിന്റെ മഹനീയഫലങ്ങൾ എല്ലാവർക്കും ലഭിക്കുന്നുണ്ടോയെന്നു സംശയമാണു്. അതിൽ അന്തർലീനമായിരിക്കുന്ന മഹാരഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനു സാമാന്യജനങ്ങൾക്കു സാധിക്കാത്തതാണ് ഇതിനുകാരണം. ആകയാൽ അതിനു സഹായകമായ ഒരു പ്രസിദ്ധീകരണം ഇന്നത്തെ ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്നു് എനിക്കു തോന്നുന്നു.

ധ്യാനത്തോടുകൂടിയല്ലാതുള്ള ജപമാലോച്ചാരണം ഫലസമൃദ്ധമാണെന്നു പറഞ്ഞുകൂടാ. ജീവിതപരിവർത്തനം വരുത്തുന്നതിനും ഇടത്തുടുകളെ തടയുന്നതിനും, കമ്മ്യൂണിസത്തെ നശിപ്പിക്കുന്നതിനും ജപമാലയ്ക്കു ശക്തിയുണ്ടെന്നു പറയുമ്പോൾ, ധ്യാനപൂർവ്വകമായ ജപമാലോച്ചാരണത്തെയാണു് അർത്ഥമാക്കുന്നതു്. അനുദിനധ്യാനം നമ്മെ ക്രിസ്തുവിന്റെ വീരാനുയായികളാക്കിത്തീർക്കുന്നു.

ധ്യാനം ഒരു ശാസ്ത്രവും ഒരു കലയുമാണു്. ജ്ഞാനവും പരിശീലനവും അതിനു് ആവശ്യമാകുന്നു. ഈ പുസ്തകം അത്തരത്തിലുള്ള ഒന്നാണെന്നു് അവകാശപ്പെടുന്നില്ല. പ്രതൃത സ്വന്ത ആത്മാവിന്റെ ഉച്ചത്തിലുള്ള ചിന്ത മാത്രമാണിതു്. നിലവിലുള്ള ഏതെങ്കിലും കൃതിയുടെ പരിഭാഷയോ അനുകരണമോ അല്ലാ ഇതു്. ഇതിന്റെ ക്രമീകരണം പരിപൂർണ്ണമോ, ശാസ്ത്രീയമോ, യുക്തിപൂർവ്വകമോ അല്ലായിരിക്കാം; എന്നിരുന്നാലും ഇന്നത്തെ ഒരാവശ്യം ഇതു നിർവ്വഹിക്കുന്നുണ്ടെന്നാണു് എന്റെ ബോദ്ധ്യം.

ഫാത്തിമാമാതാവിന്റെ ബഹുമാനാർത്ഥം ലേഖകൻ ചെയ്ത ഒരു വ്രതത്തിന്റെ പൂർത്തീകരണമാണു് ഈ കൃതി. ഏതാനും ലേഖനങ്ങളായി ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നേ ആദ്യം ഉദ്ദേശ്യമുണ്ടായിരുന്നുള്ളൂ. ഞാൻ കുറിച്ചിട്ടവ പണ്ഡിതനായ ഒരു കർമ്മലീത്താവൈദികന്റെ കരങ്ങളിൽപെട്ടു. അദ്ദേഹവും മറ്റു ചില സുഹൃത്തുക്കളും അതു

പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു് അഭിപ്രായപ്പെട്ടു. എന്റെ വന്ദ്യനായ മാതുലൻ വെരി റവ. മോൺ: ജേക്കബു് നടുവത്തുശേരിയും, വെരി. റവ. ഫാദർ ജോൺ ഓഫ് ദി ക്രോസ് ഒ. സി. ഡി. യും ഇക്കാര്യത്തിൽ നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ കൃതജ്ഞതാപൂർവ്വം ഞാൻ സ്മരിക്കുന്നു. പണ്ഡിതോചിതമായ ഒരു അവതാരികയാൽ ഇതിനെ അലങ്കരിച്ച വെരി റവ. ഫാദർ ജോൺ അവർകളുടെ സൗമനസ്യത്തിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ പ്രഥമഭാഗം എസ് എച്ചു് ലീഗു വകയായി പ്രസിദ്ധീകരിക്കാമെന്നു സദയം സമ്മതിച്ച ലീഗു ഡയറക്ടർ വെരി റവ. ഫാദർ സക്കറിയാസ് ഒ. സി. ഡി. അവർകളോടും, ഇതു് ആദ്യന്തം വായിച്ചു് വേണ്ട ഭേദഗതികൾ നിർദ്ദേശിച്ചു പ്രസിദ്ധീകരണയോഗ്യമാക്കിത്തീർത്ത റവ. ഡോക്ടർ തോമ്മസ് മൂത്തേടൻ അവർകളോടും, ഇതിന്റെ ത്വരിതപ്രസിദ്ധീകരണത്തിനുവേണ്ട ഒത്താശകൾചെയ്ത സഹായിച്ച മാർ ളയീസ് പ്രസ് ഭാരവാഹികളോടും എനിക്കുള്ള കടപ്പാടു നിസ്സീമമാണു്. ഇതിൽ ഉദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങളെല്ലാം എസ്. എച്ചു് ലീഗു വകയായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "സുവിശേഷങ്ങ"ളിൽ നിന്നാണു് എടുത്തിട്ടുള്ളതു്.

ഇത്തരം ഗ്രന്ഥങ്ങളുടെ പ്രയോജനം, അതിന്റെ സാഹിത്യഭംഗിയിലോ പ്രതിപാദനവൈശിഷ്ട്യത്തിലോ അല്ലാസ്ഥിതി ചെയ്യുന്നതു്. പ്രത്യുത അതുപയോഗിക്കുന്നവർക്കു ലഭ്യമാകുന്ന വരപ്രസാദങ്ങളിലാണു്. അതുകൊണ്ടു് ഈ വിനീതകൃതിയെ ഏറ്റവും ബഹുമാനപുരസ്സരം ഞാൻ നമ്മുടെ അമ്മയായ പരിശുദ്ധകന്യകയുടെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു. ജപമാലരാജ്ഞി, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.

എറണാകുളം,
13—5—1950

ഗ്രന്ഥകർത്താ.

ധ്യാനാഞ്ജലി

എല്ലാ ദിവസവും ജപമാല ചൊല്ലുന്നതിനു മുമ്പിൽ ഈ പുസ്തകത്തിൽനിന്നു ഒരു രഹസ്യത്തെ സംബന്ധിച്ചു ധ്യാനം മുഴുവനായോ, ഭാഗികമായോ വായിക്കുക. 15 ദിവസംകൊണ്ടു ഒരു മുഴുവൻകൊന്തയുടെ ധ്യാനം അവസാനിപ്പിക്കാം.

സന്തോഷകരമായ രഹസ്യങ്ങൾ

ഒന്നാം രഹസ്യം

നമ്മുടെ കർത്താവീശോമിശിഹായെ ഗർഭം ധരിച്ചു പ്രസവിക്കുമെന്ന മംഗലവാർത്ത ഗൊറിയേൽ മാലാഖ ദൈവകല്പനയാൽ എത്രയും പരിശുദ്ധ കന്യാസ്ത്രീ മാതാവിനോട് അറിയിച്ചുവെന്ന സന്തോഷകരമായ ഒന്നാം ദിവ്യരഹസ്യത്തിന്മേൽ ധ്യാനിക്കുക.

ധ്യാനസംഗതി

(വി. ലൂക്കാ അദ്ധ്യായം 1. വാക്യം 26—35 വരെ)

"(അതിനുശേഷം) ആറാം മാസമായപ്പോൾ, ഗ്ലീലായിലെ ഒരു പട്ടണമായ നസ്രസിലേക്കു ഗൊറിയേൽ മാലാഖയെ ദൈവം അയച്ചു. ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു പുരുഷനു വിവാഹം ചെയ്യപ്പെട്ടിരുന്ന ഒരു കന്യക അവിടെ പാർത്തിരുന്നു. അയാളുടെ പേർ യൗസേപ്പു എന്നും, ആ കന്യകയുടെ പേർ മറിയം എന്നുമായിരുന്നു. ദൂതൻ അവളുടെ സന്നിധിയിൽചെന്നു പറഞ്ഞു: അനുഗ്രഹസംപൂർണ്ണേ! സ്വസ്തി. കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹിതയാകുന്നു. അവൻ അപ്രകാരം സംസാരിക്കുന്നതു കേട്ടപ്പോൾ അവൾ അത്യധികം പരിഭ്രമിച്ചു ഈ സ്വസ്തിയുടെ അർത്ഥമെന്തെന്നു ഉള്ളിൽ വിചാരിച്ചു. അപ്പോൾ ദൂതൻ അവളോടു പറഞ്ഞു: മറിയം! നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ പ്രീതി സമ്പാദിച്ചിരിക്കുന്നു. ഇതാ നീ നിന്റെ ഉദരത്തിൽ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. അവനെ ഈശോ എന്നു വിളിക്കണം. അവൻ മഹാനായിരിക്കും.

അതുന്നതന്റെ പുത്രനാകുന്നു അവനെന്നു ജനം അറിയുകയും ചെയ്യും അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവു അവനു നൽകും. യാക്കോബിന്റെ ഗോത്രത്തെ അവൻ എന്നേക്കും ഭരിക്കും. അവന്റെ രാജ്യത്തിനു അതിർത്തിയുണ്ടായിരിക്കുകയുമില്ല. എന്നാൽ മറിയം ദൂതനോടു ചോദിച്ചു: ഞാൻ പുരുഷനെ അറിയാതിരിക്കെ ഇതെങ്ങനെ സംഭവിക്കും? അപ്പോൾ ദൂതൻ അവളോടു മറുപടി പറഞ്ഞു: പരിശുദ്ധാത്മാവു നിന്റെമേൽ ആവസിക്കും. അത്യുന്നതന്റെ ശക്തി നിന്നിൽ നിഴലിക്കും. ആകയാൽ നിന്റെ വിശുദ്ധസന്താനം ദൈവപുത്രൻ എന്നു അറിയപ്പെടും."

ഭാവന

മംഗലവാർത്തയുടെ പല ചിത്രങ്ങളും നമ്മൾ കണ്ടിട്ടുണ്ടല്ലൊ. അതിൽ ഒന്നു ഓർമ്മയിൽ വരുത്താം.

പ്രശാന്തസുന്ദരമായ ഒരു രാത്രി. ഏകാന്തമായ ഒരു പ്രാർത്ഥനാമുറിക്കുള്ളിൽ ഉദ്ദേശം 15 വയസ്സു പ്രായമുള്ള, സൗന്ദര്യവതിയായ, മറിയം ഭക്തിപാരവശ്യംപൂണ്ടു ധ്യാനനിരതയായി പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നു. അവിടെയെങ്ങും ഒരു സ്വർഗ്ഗീയ ദീപ്തി സർവ്വത്ര വ്യാപിച്ചുകഴിഞ്ഞു. വെട്ടിത്തിളങ്ങുന്ന ആ സ്വർഗ്ഗപ്രഭയുടെ ഇടയിൽ സമീപത്തു അതിസുഭഗനും സുന്ദരനുമായ ഒരു യുവാവിന്റെ വേഷത്തിൽ, ഒരു ദൈവദൂതപ്രമുഖൻ ഭക്തിവിനയപുരസ്സരം, സ്വർഗ്ഗീയസന്ദേശവുമായി അവളെ അഭിവാദ്യം ചെയ്യുന്നു.

അനുസ്മരണാവിഷയം

"കർത്താവിന്റെ ദാസി ഇതാ, ഞാൻ, നിന്റെ വാക്കു പോലെ എന്നിൽ സംഭവിക്കട്ടെ."

ധ്യാനസംഗ്രഹം

ആദിപിതാവിന്റെ പാപംമൂലം മരണത്തിന്റെ നിഴലിൽ ജീവിച്ചിരുന്ന മനുഷ്യകുലത്തെ, സമുദ്ധരിപ്പാനായി ദൈവം മനുഷ്യനാകുന്ന ആ അനുഗ്രഹീതവിനാഴിക—രക്ഷയുടെ മണിക്കൂർ—നമ്മുടെ സർവ്വസൗഭാഗ്യങ്ങളുടെയും ആരംഭം.



ധ്യാനം

മറിയം—3 വയസ്സുമുതൽ കന്യാവ്രതം നേർന്ന ദൈവാലയശുശ്രൂഷയിൽമാത്രം വ്യാപൃതയായിരുന്ന മറിയം—ഇത്ര തീവ്രമായി പ്രാർത്ഥിച്ചിരുന്നതു എന്തിനായിട്ടാണു? എല്ലാ യഹൂദന്മാരും എല്ലായ്പോഴും എന്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നുവോ അതിനായിത്തന്നെ. ലോകാരംഭത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷകൻ വേഗം വരണമെന്നു, അബ്രാഹമിനോടുള്ള വാഗ്ദത്തം ഉടൻ സാധിതപ്രായമാകണമെന്നു, അവളുടെ ജനത്തെ പാപത്തിന്റെ ശാപത്തിൽനിന്നു സമുദ്ധരിക്കുന്നതിനു രക്ഷകൻ വേഗം വരണമെന്നു, ഇതാണു മറിയത്തിന്റെ ശക്തവും വിനീതവും ത്യാഗസംപൂർണ്ണവുമായ പ്രാർത്ഥന. പരസ്നേഹം മാത്രമായിരുന്ന ആ പ്രാർത്ഥനയുടെ പ്രേരണ. പാപികളുടെ മാനസാന്തരവും മനുഷ്യരാശിയുടെ, വിശിഷ്യ അവളുടെ ജനത്തിന്റെ, രക്ഷയുമായിരുന്ന ആ പ്രാർത്ഥനയുടെ ഉള്ളടക്കം. നമ്മുടെ പ്രാർത്ഥനകളോ? അതിൽ അനൃക്കും തിരുസഭയ്ക്കും എന്തു സ്ഥാനമുണ്ടു?

പക്ഷേ, തന്റെ പ്രാർത്ഥന ദൈവത്തിൻപക്കൽ പാഞ്ഞുകയറുന്നതിനു മറിയം ഒരു വലിയ ത്യാഗം ചെയ്തിരുന്നു. എല്ലാ യഹൂദസ്ത്രീകളും അതികാമ്യമായി ആഗ്രഹിച്ചിരുന്ന ഒരു വരം ഉണ്ടു. അതു രക്ഷകൻ അവളിൽനിന്നു, അല്ലെങ്കിൽ അവളുടെ സന്തതിപരമ്പരയിൽനിന്നു, ജനിക്കണമെന്നതായിരുന്നു. ഇതു ന്യായമായ ഒരു ആഗ്രഹംതന്നെ. ഇതിനായി യഹൂദസ്ത്രീകളിൽ പലരും പല സുകൃതാഭ്യാസങ്ങളും ചെയ്യുപോന്നു. ഇതുകൊണ്ടാണു് യഹൂദസ്ത്രീകൾ വിവാഹത്തെ കാമ്യമായി കരുതിയിരുന്നതു്. വന്ധ്യാതാപം വലിയ ശാപമായി ഗണിച്ചിരുന്നതും ഇതുകൊണ്ടുതന്നെ.

എന്നാൽ മറിയമോ? അവൾ അമലോത്ഭവയായിരുന്നു. നിരുപമപരിശുദ്ധയായിരുന്നു. മിശിഹായുടെ മാതാവോ മിശിഹായുടെ ഗോത്രത്തിന്റെ മാതാവോ ആയിരിപ്പാൻ ആക്കെങ്കിലും അർഹതയുണ്ടായിരുന്നെങ്കിൽ അതു അവൾക്കു മാത്രമായിരുന്നു. എന്നിട്ടും അവൾ ഒരു മഹാത്യാഗം ചെയ്തു. നിത്യകന്യാവ്രതം സ്വയം നേർന്നു. എല്ലാ യഹൂദസ്ത്രീകളും അതി

കാമ്യമായി കരുതിയിരുന്ന ആ ദിവ്യമാതൃത്വം സ്വയം പരിത്യജിച്ചു.

കന്യാവ്രതം—സകല പുണ്യങ്ങളുടെയും രാജ്ഞിയാണവർ. പുണ്യാഭ്യസനത്തിന്റെ അടിസ്ഥാനം എളിമ ആണെങ്കിൽ, കന്യാവ്രതം അതിന്റെ മകുടമാകുന്നു. ദൈവത്തിന്റെ മുമ്പിൽ അതിനുള്ള ശക്തി വർണ്ണനാതീതമാകുന്നു. അതു നമ്മെ ലോകത്തിൽനിന്നും വേർപെടുത്തി സ്വർഗ്ഗീയരൂപികളാക്കുന്നു. പൂർവ്വപിതാക്കൾ യുഗങ്ങൾതോറും രക്ഷകനെ പ്രതീക്ഷിച്ചു തീവ്രമായി പ്രാർത്ഥിച്ചിരുന്നു. എങ്കിലും ദൈവവാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനു മറിയത്തിന്റെ ഈ അമൂല്യവ്രതം ആവശ്യമായിരുന്നു. അവളുടെ വ്രതാനുഷ്ഠാനം ആ അനന്തമായ കാരുണ്യത്തെ ഉടൻ നിറവേറ്റുന്നതിനു കരുതരത്തിൽ ദൈവത്തെ നിർബന്ധിതനാക്കി. കന്യാവ്രതത്തിന്റെ ശക്തിയും മഹിമയും!!

ഇന്നും നിത്യകന്യാവ്രതക്കാരുടെ പ്രാർത്ഥനകൾക്കു ദൈവത്തിൻപക്കലുള്ള ശക്തിയും ഫലവും ഊഹാതീതമത്രെ. പല കുടുംബങ്ങളുടെയും നാശത്തിന്റെ ഹേതു അനന്യസ്സിനുടത്ത കന്യാത്വം പരിപാലിക്കാത്തതാണെന്ന വസ്തുത പലരും ഗ്രഹിക്കാത്തതാണു് അത്ഭുതം. നമ്മുടെ കുട്ടികൾക്കുവേണ്ടി നാം അദ്ധ്വാനിക്കുന്നുണ്ടോ? അവർ ഐശ്വര്യവാന്മാരായി വളരണമെന്നു നാം ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ നാം അനന്യസ്സിനുടത്ത കന്യാവ്രതം കാത്തുകൊള്ളണം. നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിന്റെ മുമ്പിൽ ശക്തിയില്ലാത്തതായും ഫലസിദ്ധിയില്ലാത്തതായും അനുഭവപ്പെടുന്നുണ്ടോ? നമുക്കു ആത്മശോധനചെയ്യാം.

എന്നാൽ മറിയത്തിന്റെ ഈ വ്രതം അനിതരസാധാരണമായിരുന്നു. അവൾ അതിനുവേണ്ടി ത്യജിച്ചതു അസുലഭവും ഊഹാതീതമായ മഹിമപ്രതാപങ്ങളുള്ളതും ആയ ദൈവമാതൃത്വമായിരുന്നു. വാനാരൂപികൾക്കുകൂടെ അവളുടെ ത്യാഗത്തിന്റെ വ്യാപ്തി ഗ്രഹിപ്പാൻ പ്രയാസമാണെന്നു അതിശയോക്തികൂടാതെ പ്രസ്താവിക്കാവുന്നതാണു്.

എങ്കിലും മറിയം ദൈവഹിതം നിവൃത്തിക്കണമെന്നാണു കൂടുതൽ ആഗ്രഹിച്ചിരുന്നതു്. ആ ഹിതം അവൾ വിവാഹിതകൂടെ ആയിരിക്കണമെന്നായിരുന്നു. അതുകൊണ്ടു യൗസേപ്പിനെ അവൾ ഭർത്താവായി സ്വീകരിച്ചു. അതു ഒരു ആത്മീയ ബന്ധം ആയിരുന്നു. അവൾ അന്നു തുടങ്ങി ഒരു മാതൃകാ ഭാര്യയായും പരിലസിച്ചു. എല്ലാ അന്തസ്സുകാരുടെയും അമ്മയും രാജ്ഞിയുമായവൾ, എല്ലാ അന്തസ്സിലും പൂർണ്ണവിജയം സമ്പാദിച്ചെങ്കിൽ അതിൽ ആശ്ചര്യം ഇല്ലല്ലോ.

അന്നുമുതൽ അവളും ഭർത്താവും രണ്ടു ശരീരങ്ങളായിരുന്നെങ്കിലും ഒരു മനസ്സും ഒരു ആത്മാവുമായിത്തീർന്നു. അവളുടെ ഭർത്താവിന്റെ സന്തോഷവും ആത്മാഭിമാനവും ഉൽക്കർഷവും എല്ലാം തന്റേതായിമാത്രം അവൾ കരുതി. ജീവിതക്ലേശങ്ങൾ അവർ ഇരുവരും ഒരുമിച്ചു എത്ര ഐകൃത്തോടെ സഹിച്ചു. ഗർഭിണിയായിരുന്നപ്പോൾ ബെത്ലേഹമിലേക്കും, അമ്മയായശേഷം രാത്രിയുടെ അന്ധകാരത്തിൽ ഈജിപ്തിലേക്കും ഭർത്താവിനെ അനുഗമിക്കുവാൻ അവൾ മടിച്ചില്ല. സ്വജനങ്ങളിൽ നിന്നകന്നു് നസ്രസിൽ കൂലിവേലക്കാരനായ ഭർത്താവിന്റെ കൂടെ ദാരിദ്ര്യത്തിൽ ജീവിതാവശിഷ്ടം കഴിപ്പാനും അവൾക്കു് സന്തോഷംമാത്രമായിരുന്നു.

ആ ത്യാഗസ്വരൂപിണിയാണു് ഇന്നു് ആ മുറിയിൽ പ്രാർത്ഥനാനിരതയായിരിക്കുന്നതു്. ആ മഹാത്യാഗത്തിനു പ്രതിസമ്മാനം അവൾക്കു സിദ്ധിക്കുവാൻ പോകുന്നു. അവളുടെ ത്യാഗത്താൽ സംപ്രീതനായ ദൈവം അതിലും ഉപരിയായി തന്റെ ഔദാര്യത്തെ പ്രദർശിപ്പിക്കുന്നു. ആ കന്യകയെത്തന്നെ ദൈവം തന്റെ മാതാവായി സ്വീകരിച്ചു. അവൾ സ്വമനസ്സാ പരിത്യാഗത്തിന്റെ പൂർണ്ണതയിൽ ഉപേക്ഷിച്ച ആ പവിത്രസ്ഥാനത്തെയും ഭാഗ്യത്തെയും അവൾക്കുതന്നെ കൊടുത്തു സർവ്വശക്തൻ അവളെ ധന്യയാക്കി.

മറിയത്തിനു് അതുകൊണ്ടു് അവളുടെ മക്കളോടു് എത്ര വലിയ ത്യാഗവും ആവശ്യപ്പെടാൻ അർഹതയുണ്ടു്. താൻ ചെയ്യാത്തതു യാതൊന്നും അവൾ നമ്മോടു ആവശ്യപ്പെടുന്നില്ല. ത്യാഗംകൂടാതെയുള്ള പ്രാർത്ഥനകൊണ്ടു് എന്തു ഫലം ആണു

ഉള്ളതു്? ത്യാഗമെന്നാൽ നാം ആഗ്രഹിക്കുന്ന കായ്ങ്ങളെ, നാം വിലമതിക്കുന്ന കായ്ങ്ങളെ, അന്യർക്കുവേണ്ടി ഉപേക്ഷിക്കുകയാണു്. നമുക്കു വലിയ പ്രയാസമില്ലാത്ത നോമ്പു്, നീണ്ട പ്രാർത്ഥനകൾ, വിഷമമില്ലാത്ത ദാനങ്ങൾ മുതലായവമാത്രം കൂടുതൽ ചെയ്യാം എന്നാൽ പ്രയാസമുള്ളതും നഷ്ടംവരുത്തുന്നതുമായ കായ്ങ്ങൾ ഒട്ടും ചെയ്യാതെയും ത്യാഗികളെന്നു് അഭിമാനിക്കുന്നതു് ഒന്നുകിൽ അറിവില്ലായ്മ അല്ലെങ്കിൽ അഹങ്കാരത്തോടുകൂടിയ സ്വാർത്ഥത.

കന്യകയായ മറിയം ഒരു വലിയ ത്യാഗം ചെയ്തുവെന്നു നാം കണ്ടു. പക്ഷേ ദൈവജനനി എന്ന സ്ഥാനത്തിനു അർഹയാകുവാൻ അവിടുന്നു് ഇനിയും ഇതിലും വലിയ ഒരു ത്യാഗംകൂടി വരിക്കേണ്ടിയിരുന്നു. അവൾ യൗസേപ്പിനോടു വിവാഹവാഗ്ദത്തം ചെയ്തുകഴിഞ്ഞതേയുള്ളൂ. ഇനിയും നിയമപ്രകാരം യൗസേപ്പു തന്റെ ഭവനത്തിലേക്കു അവളെ കൂട്ടിക്കൊണ്ടു പോയിട്ടില്ലാ. അതിനുള്ള സമയം സമീപിക്കുന്നതേയുള്ളൂ. യൗസേപ്പിന്റെ ഭവനത്തിൽ പ്രവേശിക്കുമ്പോൾ നവവധുവായ അവൾ, യൗവനാവസ്ഥയെ ഇനിയും പൂർണ്ണമായി പ്രാപിച്ചിട്ടില്ലാത്ത ഈ കുമാരി, ഗർഭിണിയാണെന്നു യൗസേപ്പു അറിയും. എത്ര ഭയാനകവും നിന്ദ്യവുമായ ഒരവസ്ഥ! ഭർത്താവിന്റെ ന്യായമായ നിന്ദ്യത്തും കോപത്തിനും അതിരെവിടെ?

നിത്യകന്യാവ്രതത്തിന്റെ നിരുപമപാത്രം, വിശുദ്ധിയുടെ പരിമളം വീശുന്ന ഉഷഃകാലവെണ്മഞ്ഞു്. അമലോത്ഭവ, സർവ്വലോകരാജ്ഞി, ജഗന്നിയന്താവിന്റെ ജനനി, ഒരു വ്യഭിചാരിണിയെന്നു സ്വന്തം ഭർത്താവാൽ കുറ്റാരോപണം ചെയ്യപ്പെടുന്ന ആ ദയനീയാവസ്ഥ മറിയം സ്വയംകാണുന്നു. യഹൂദനിയമപ്രകാരം വ്യഭിചാരിണിയെ പരസ്യമായി കല്ലെറിഞ്ഞുകൊല്ലണമെന്നുള്ള വ്യവസ്ഥയും മറിയം ഓർക്കുന്നു. ലോകരുടെ സന്തോഷത്തിന്റെയും രക്ഷയുടെയും ദൗത്യം മറിയത്തെ സംബന്ധിച്ചിടത്തോളം എത്രയും കഠോരവും നിന്ദ്യവുമായ മരണവിധിയായിരുന്നു.

ആ കുമാരിയുടെ മൃദുലഹൃദയത്തിലെ വേദന എത്ര അ


പാരമായിരിക്കുന്നു. അവളുടെ പുത്രൻ ദൈവകുമാരനാണു്. അവന്നു ദാവീദിന്റെ ഗോത്രത്തിൽ രാജാവായി വാഴുകയും, അവളുടെ ജനത്തെ അടിമത്തത്തിൽനിന്നു രക്ഷിക്കുകയും ചെയ്യും. പക്ഷേ അവളോ? അതിനു എത്രയോമുമ്പു് ഭർത്താവിനാലും സ്വജനങ്ങളാലും കുറക്കാരിയെന്നു സ്ഥാപിക്കപ്പെട്ട എത്രയും നിന്ദ്യമായ മരണം പ്രാപിക്കണം. എന്തൊരു മഹാത്യാഗം! ഈ ത്യാഗമാണു ദൈവമാതൃസ്ഥാനത്തിനു നമ്മുടെ അമ്മയായ മറിയത്തോടു മാലാഖ ആവശ്യപ്പെട്ടതു്.

ഈ നിന്ദ്യമായ അപമാനത്തിൽനിന്നും, ദാരുണമായ മരണത്തിൽനിന്നും, ദൈവപരിപാലന തന്നെ പരിരക്ഷിക്കുമെന്നു അവൾ എങ്ങനെ അറിയും. പണ്ടു അബ്രാഹമിന്റെ കായ്ത്തിൽ അവസാനനിമിഷം ദൈവം ഇടപെട്ടു അദ്ദേഹത്തിന്റെ മാനസികത്യാഗത്തെമാത്രം സ്വീകരിച്ചു് ഇസഹാക്കിനെ രക്ഷിച്ചു. പക്ഷേ അങ്ങനെ ദൈവം ഇടപെടുമെന്നു അവൾക്കു ഒരു സൂചനപോലും ഉണ്ടായിരുന്നില്ല. മറിച്ചായിരുന്നു സൂചന. അവളുടെ പുത്രനെ അവൾതന്നെ നാമകരണം ചെയ്യണമെന്നാണു മാലാഖ കല്പിച്ചതു്. തന്റേതെന്നു പിതാവിനാൽ അവകാശപ്പെടാത്ത കുട്ടികൾക്കല്ലാതെ യഹൂദമാതാക്കൾ നാമകരണകർമ്മം നടത്താറില്ല.

മറിയമോ എന്നാൽ അധൈര്യപ്പെട്ടില്ല. അവൾ ശ്ലോമോൻ കണ്ട ധൈര്യവതിയായിരുന്നു. ഇതിനുമുമ്പോ ഇതിൽ പിന്നെയോ ഒരു സൃഷ്ടിയും ഇതുപോലൊരു വീരധൈര്യം പ്രദർശിപ്പിച്ചിട്ടില്ല. ആ മൃദുലഹൃദയത്തിൽ കുടികൊണ്ടിരുന്ന അമാനുഷികധൈര്യത്തിന്റെ പാരമ്യം മനുഷ്യബുദ്ധിക്കതീതമാണു്. ധൈര്യമുള്ള വീരാത്മാക്കൾക്കാണു് സ്വർഗ്ഗസിംഹാസനങ്ങൾ സജ്ജമാക്കിയിരിക്കുന്നതു്. ക്രിസ്തീയപുണ്യാത്മാക്കൾ ആരും ഭീരുക്കളായിരുന്നില്ല. സ്വർഗ്ഗരാജ്യം ഭീരുക്കൾക്കുള്ളതല്ല. ഭക്തോത്തമാവേ! നീ ഭീരുവാണോ? പുണ്യാഭ്യാസത്തിനായി ത്യാഗം സഹിക്കുന്നതിനുള്ള ധൈര്യം നിനക്കുണ്ടോ? ആ ധൈര്യത്തിനുവേണ്ടി ധൈര്യവതിയായ നമ്മുടെ അമ്മയോടു അപേക്ഷിക്കുക. നിന്റെ ഭീരുത്വം നമ്മുടെ അമ്മയുടെമുമ്പിൽ ലജ്ജിക്കട്ടെ.

ലോകത്തിന്റെ സമുദ്ധാരണാർത്ഥം അവളോട് ആവശ്യപ്പെട്ട ആ മഹാ ത്യാഗത്തിനു് ആ കുമാരി സങ്കോചമില്ലാതെ സന്നദ്ധയായി. ആ ദിവ്യസമ്മതത്തിന്റെ വ്യാപ്തി! അപരിമിതമായ ദൈവസ്നേഹം മനുഷ്യന്റെ ബലഹീനതയെ ജയിച്ചു. നിസ്സീമമായ പരസ്നേഹം ആ ത്യാഗത്തിന്റെ ഭയങ്കരതയെ വിജയിച്ചു. അവൾ എന്നന്നേക്കും നിന്ദ്യയായിരിക്കട്ടെ; ഭർത്താവാൽ തൃജിക്കപ്പെടട്ടെ; ഭയങ്കരമായ കല്ലേറുകൊണ്ടു മരണം പ്രാപിക്കട്ടെ; എന്നാലും അവളുടെ ജനം രക്ഷപെട്ടല്ലോ. മനുഷ്യകുലം പുനരുദ്ധരിക്കപ്പെട്ടല്ലോ. അവൾ നമ്മെ എല്ലാം കർത്താവിൽ രക്ഷിച്ചു.

അവളുടെ പുത്രൻ പിന്നീടു ഗത്സേമനേത്തോട്ടത്തിൽ വെച്ചു സ്വമനസ്സാ മനുഷ്യരക്ഷക്കുവേണ്ടി അതിദാരുണമായ നിന്ദയേയും മരണത്തേയും വരിച്ചു. മാതാവിന്റെ മറിയവും, അവന്റെ സഹകാരിണിയായി, ഇപ്പോൾ അതുപോലെതന്നെത്തു വത്തിച്ചു പുത്രനു അനുരൂപയായ മനസ്സാണെന്നു പ്രത്യക്ഷപ്പെടുത്തി.



അവൾ മാലാഖയോടു പ്രത്യുത്തരം ചെയ്തു: "ഇതാ കർത്താവിന്റെ ദാസി. അങ്ങയുടെ വാക്കുപോലെ എനിക്കിൽ സംഭവിക്കട്ടെ." ഹാ! എത്ര മഹനീയമായ [illegible]! ലോകത്തെ ആഹ്ലാദിപ്പിക്കുകയും സ്വർഗ്ഗത്തെ വിസ്മയിപ്പിക്കുകയും ചെയ്ത മഹനീയ സമ്മതമെ! ഞങ്ങൾ നിന്നെ അനവരതകാലം സ്തുതിച്ചു കൊണ്ടാടുന്നു. അനാദിതൊട്ടു ദൈവത്തിന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ടവൾ—ഗർഭത്തിൽവെച്ചു അതിലേക്കുമാത്രം അമലോത്ഭവയായി സൃഷ്ടിക്കപ്പെട്ടവൾ—അവൾക്കായി നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥാനലബ്ധിക്കായി ഇത്ര കഠോരമായ ത്യാഗം സഹിക്കേണ്ടതു ആവശ്യമായിരുന്നെങ്കിൽ, പരസ്നേഹത്താൽ പരിപോഷിപ്പിക്കപ്പെടാത്ത ത്യാഗംകൂടാതെ മോക്ഷം സമ്പാദിക്കാമെന്നു പാപിയായ ഞാൻ എങ്ങനെ അഹങ്കരിക്കും.

പ്രായോഗികചിന്തകൾ

1) ന്യായമായി എനിക്കു സിദ്ധിക്കാവുന്ന ലാഭം, സ്ഥാനം, നന്മ എന്നിവ അന്യനു സിദ്ധിക്കട്ടെയെന്നു ആഗ്രഹിച്ചു

ഒരിക്കലെങ്കിലും ഞാൻ പരസ്നേഹത്താൽ പ്രേരിതനായി അന്യനു സ്വയം ഒഴിഞ്ഞുകൊടുത്തിട്ടുണ്ടോ? അതില്ലെങ്കിൽ എന്റെ ത്യാഗത്തിനു് എന്തു വിലയുണ്ടു്?

2) എന്റെ പ്രാർത്ഥനകളും തപസ്സും എന്റെ സ്വന്തം കായ്സാദ്ധ്യങ്ങൾക്കു മാത്രമാണോ? അതു സ്വാർത്ഥതയല്ലേ. അതിൽ അവശ്യം പാപികൾക്കും, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കും എന്തു സ്ഥാനം ഉണ്ടു്.

3) ഞാൻ വാസ്തവത്തിൽ നഷ്ടം സഹിച്ചു ആരെയെങ്കിലും സഹായിച്ചിട്ടുണ്ടോ?

4) എനിക്കു നഷ്ടം വന്നേക്കുമെന്നു ഭയന്നു ഞാൻ അന്യരെ സഹായിക്കാതിരുന്നിട്ടുണ്ടോ? അവരെ ഒഴിഞ്ഞുമാറിയിട്ടുണ്ടോ?

5) എന്റെ പുണ്യാഭ്യസനങ്ങൾ എനിക്കു നഷ്ടം വരുത്താത്തവയല്ലേ?

6) ബുദ്ധിമുട്ടുകളും കഷ്ടതകളും വരുമ്പോൾ "കർത്താവെ ഇതാ നിന്റെ ദാസി"യെന്നു പറയുന്നതിനുള്ള സന്നദ്ധത എനിക്കുണ്ടോ?

7) ഞാൻ അന്തസ്സിനടുത്ത കന്യാവ്രതം ആത്മാവിലും ശരീരത്തിലും കാക്കുന്നുണ്ടോ? എനിക്കു വരുന്ന പല അനർത്ഥങ്ങൾക്കും കാരണം അതു പാലിക്കാത്തതല്ലേ?

8) ത്യാഗത്തിന്റെ പ്രതിസമ്മാനം ഞാൻ മുൻകൂട്ടി കാണുന്നില്ലെങ്കിലും അതിന്റെ പ്രതിഫലം സീമാതീതമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നുണ്ടോ?

ദൈവദാനങ്ങൾ ത്യാഗവും കുരിശും കൊണ്ടു മാത്രമേ പ്രാപിക്കുകയുള്ളൂ. മോക്ഷത്തിലേക്കുള്ള ഏകമാർഗ്ഗം കുരിശാണു്.

1 അ. 10 ന. 1 ശ്ലീ.

ഫാത്തിമാജപം:

"ഓ, എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു പൊറുക്കണമെ, നിത്യനരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ, എല്ലാ ആത്മാക്കളെയും പ്രത്യേകം അങ്ങേ കാരുണ്യം ഏറ്റവുമാവശ്യമായവരെയും സ്വർഗ്ഗത്തിലേക്കാനയിക്കേണമെ."

രണ്ടാം രഹസ്യം

പരിശുദ്ധ ദൈവമാതാവു ഏലീശ്വാമ്മ ഗർഭിണിയായ വിവരം അറിഞ്ഞു ആ പുണ്യവതിയെ ചെന്നുകണ്ടു മൂന്നുമാസംവരെ അവർക്കു ശുശ്രൂഷചെയ്യ എന്നു ധ്യാനിക്ക.

ധ്യാനസംഗതി

(വി. ലൂക്കാ അദ്ധ്യായം 1. വാക്യം 39-56 വരെ)

അടുത്തനാളുകളിൽ മറിയം എഴുന്നേറ്റു, മലമ്പ്രദേശത്തുള്ള യൂദായിലെ ഒരു പട്ടണത്തിലേക്കു ത്വരിതയിൽ പോയി. ഇവിടെയാണു സ്സറിയാ പാത്തിരുന്നതു്. അവർ അവിടെ പ്രവേശിച്ചു ഏലീശ്വായെ അഭിവന്ദിച്ചു. ഏലീശ്വാ മറിയത്തിന്റെ അഭിവന്ദനം ശ്രവിച്ച ക്ഷണത്തിൽ പ്രജ അവളുടെ ഉദരത്തിൽ കുതിച്ചുചാടി. ഏലീശ്വാതന്നെയും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അകയാൽ അവർ ഉച്ചത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു: സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു. നിന്റെ ഉദരഫലം വാഴ്ത്തപ്പെട്ടതാകുന്നു. എന്റെ കർത്താവിന്റെ അമ്മയാൽ ഇങ്ങനെ സന്ദർശിക്കപ്പെടുവാൻ ഞാൻ എങ്ങനെ അർഹയായി? എന്തുകൊണ്ടെന്നാൽ നിന്റെ അഭിവാദ്യസ്വരം എന്റെ ചെവികളിൽ മുഴങ്ങിയ ക്ഷണത്തിൽ എന്റെ ഉദരശിശു സന്തോഷത്താൽ കുതിച്ചുചാടി. നിന്റെ വിശ്വാസം കാരണത്താൽ നീ അനുഗ്രഹീതയായിരിക്കുന്നു. കർത്താവിൽനിന്നു നിന്റെപക്കൽ സംവഹിക്കപ്പെട്ട ഭൗത്യം നിറവേറുകതന്നെ ചെയ്യും. അപ്പോൾ മറിയം പറഞ്ഞു: എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ രക്ഷകനായ കർത്താവിൽ എന്റെ ആത്മാവു ആനന്ദം കണ്ടെത്തി. എന്തുകൊണ്ടെന്നാൽ അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചുവല്ലോ. ഇതാ ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും. എന്തുകൊണ്ടെന്നാൽ ശക്തനായവൻ, പരിശുദ്ധൻ എന്നു പേരുള്ളവൻ, എനിക്കുവേണ്ടി തന്റെ അത്ഭുതങ്ങൾ ചെയ്തിരിക്കുന്നു. തന്നെ ഭയപ്പെടുന്നവരോടു തലമുറകൾതോറും അവിടുത്തേക്കു കരുണയുണ്ടു്. തന്റെ ഭുജബലംകൊ

ണ്ടു അവിടുന്നു ധൈര്യപൂർവ്വം പ്രവർത്തിച്ചു. ഹൃദയനിരൂപണകളിൽ അഹങ്കരിക്കുന്നവരെ അവിടുന്നു ചിതറിച്ചു. ശക്തന്മാരെ അവിടുന്നു തങ്ങളുടെ സിംഹാസനങ്ങളിൽനിന്നും താഴത്തിറക്കി; താഴ്മയുള്ളവരെ മഹത്വപ്പെടുത്തി. വിശപ്പുള്ളവരെ അവിടുന്നു നല്ല സാധനങ്ങൾകൊണ്ടു തൃപ്തരാക്കി. ധനവാന്മാരെ വെറുംകയ്യായി വിട്ടയച്ചു. നമ്മുടെ പൂർവ്വപിതാക്കന്മാരായ അബ്രാഹത്തിനോടും അവന്റെ സന്തതികളോടും എന്നന്നേയ്ക്കുമായി അവിടുന്നു ചെയ്ത വാഗ്ദാനം അനുസരിച്ചും, തന്റെ അനുഗ്രഹപൂർവ്വകമായ ഉദ്ദേശത്തെ അനുസ്മരിച്ചും തന്റെ ദാസനായ ഇസ്രായേലിനെ അവിടുന്നു സംരക്ഷിച്ചു. മറിയം അവളുടെ (ഏലീശ്വായുടെ) അടുക്കൽ ഏകദേശം മൂന്നു മാസം വസിച്ചുശേഷം വീട്ടിലേക്കു മടങ്ങിപ്പോയി.

ഭാവന

പരിശുദ്ധ മറിയം വി. ഏലീശ്വായെ സന്ദർശിച്ചാശ്വാസിപ്പിച്ച ഹൃദയംഗമമായ രംഗമൊന്നു ഓർമ്മയിൽ വരുത്തുക.

യൂത്താ നഗരിയുടെ പ്രാന്തപ്രദേശം. പ്രകൃതിസുന്ദരമായ ഒരു മലഞ്ചെരിവു് തിങ്ങിവളരുന്ന ഫലവൃക്ഷാദികളാലും മനോഹരങ്ങളായ മന്ദിരിത്തോപ്പുകളാലും നിബിഡമായിരിക്കുന്നു. കുന്നിന്റെ അടിവാരത്തുകൂടി സ്വല്പം മുമ്പു് മറിയം കടന്നുപോന്ന ദുർഘടവഴിതാര ഇൽക്കരീം മുതൽ പിരിയ താഴ്വരവരെ നീണ്ടുകിടക്കുന്നു. അതു വൻമലകളുടെയും വിജനപ്രദേശങ്ങളുടെയും ഇടയിൽക്കൂടി ദൂരെ മറഞ്ഞുപോയിരിക്കുന്നു. മലയിൽ വൻകാടുകളും പാറക്കൂട്ടങ്ങളും ധാരാളം ഉണ്ടു്. അന്നു യൂദയാ രാജ്യത്തു പലേടത്തും അക്രമവും കളവും കൊള്ളയും നടത്തിക്കൊണ്ടുവന്നിരുന്ന തസ്കരസംഘങ്ങൾ ഈ മലകളിൽ പലയിടത്തും താവളമുറപ്പിച്ചിരുന്നു.

ഈ മലഞ്ചെരുവിൽ ഒരു വിനീത ഗൃഹം. ഗൃഹവാതുക്കൽത്തന്നെ വൃദ്ധയായ ഏലീശ്വാ വിസ്മയംപൂണ്ടു വിനയപൂർവ്വം മറിയത്തിനു ഉപചാരാഭിവാദ്യം ചെയ്യുന്നു. യാത്രാക്ലേശത്താൽ ക്ഷീണിതയായ മറിയം അത്യാനന്ദഭരിതയായി, ഹൃദയം കവിഞ്ഞൊഴുകുന്ന കൃതജ്ഞതാഭാരത്താൽ സ്വയംമാന്യ, കർത്താവിന്റെ അനന്യസുലഭമായ കാരുണ്യാതിരേകത്തെ വർണ്ണിച്ചു



മനോജ്ഞമായ സ്തോത്രഗീതം പാടി അന്തരീക്ഷത്തെ കുളിർമ കൊള്ളിക്കുന്നു.

അനുസ്മരണാവിഷയം

"എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെവിടെനിന്നുണ്ടായി."

ധ്യാനസംഗ്രഹം

ലോകോദ്ധാരണത്തിനായി രാത്രിയുടെ രഹസ്യത്തിൽ അവതരിച്ച രക്ഷകനെ ആദ്യമായി ഒരു സൃഷ്ടി പരസ്യമായി സമ്മതിച്ചാരാധിക്കുന്ന സംപൂജ്യസന്ദർഭം. രക്ഷകനെ ആദ്യമായി വിശ്വസിച്ചാരാധിച്ച ഏലീശ്വാ എത്രയോ ഭാഗ്യവതി! രക്ഷകനെ വഹിച്ച മറിയത്തിനെ ആദരിച്ച സ്വീകരിച്ച ഏലീശ്വായുടെ ഭാഗ്യം മഹാഭാഗ്യംതന്നെ. "മറിയംവഴി രക്ഷകനിലേക്കു" എന്ന തത്വം എത്രയോ സത്യമായിരിക്കുന്നു.

ധ്യാനം

മംഗലവാർത്തയുടെ ശ്രുതിസമാപ്തി. മറിയത്തിന്റെ മഹാത്യാഗം സ്വീകരിക്കപ്പെട്ടു. വാഗ്ദത്തം ചെയ്യപ്പെട്ട ദൈവത്തിന്റെ അനന്തകാരുണ്യം പ്രകടമായി. "വചനം മാംസമായി." മറിയം തിരുവവതാരംചെയ്ത ദൈവത്തിന്റെ മാതൃസ്ഥാനം കൈവരിച്ചു. ത്രിലോകരാജാവിന്റെ മാതൃസ്ഥാനം കൈവരിച്ചവൾ ത്രിലോകരാജ്ഞിയുമായി.

എങ്കിലും അവളുടെ മഹാത്യാഗത്തിന്റെ അനന്തരദുഃഖം ഇനിയും അവളുടെ മുമ്പിൽ ഭീകരരൂപത്തോടു നിലകൊള്ളുന്നു. പരിപൂർണ്ണത്യാഗികൾ അവരുടെ ത്യാഗങ്ങൾ എത്ര മഹത്തരമായാലും അവയെ ഉടനെ വിസ്മരിക്കുന്നു. ഇതാണു ത്യാഗത്തിന്റെ ഉൽകൃഷ്ടതയും ശ്രേഷ്ഠതയും. മറിയവും ഇതുപോലെതന്നെ പ്രവർത്തിക്കുന്നു. തിരുവവതാരത്തിൽ തന്റെ സ്വന്തംഭാഗം അവൾ അശേഷം വിസ്മരിക്കുന്നു. അവളുടെ സകല യോഗ്യതകളെയും അവൾ ചെയ്ത മഹാത്യാഗത്തെയും അവൾ മറക്കുന്നു. അതിന്റെ ഫലമായി ഇനിയും അവശേഷിച്ചിട്ടുള്ള മഹാവിപത്തിനെ അഗണ്യമാക്കുന്നു. അവളുടെ വിസ്മയനീ

യമായ എളിമ അവളെ അത്ഭുതചരിത്രയാക്കുന്നു. ദൈവത്തിന്റെ അനന്തകാരുണ്യത്തെയും കൃപാതിരേകത്തെയും മാത്രം അവൾ ചിന്തിച്ചു സ്വയം ഇല്ലാതാകുന്നു. ഉജ്ജ്വലമായ ദൈവസ്നേഹം ധീരോത്തമമായ പരസ്നേഹമായി പ്രകാശിക്കുന്നു. അവൾക്കു ലഭിച്ച കൃപാവരം അവശരിലേക്കു പകരുന്നതിനു അവൾ തുടങ്ങുന്നു. ദൈവത്തിന്റെ ദാസി ഇനി അവശരുടെ ദാസിയായിരിക്കും.

വാർദ്ധക്യത്തിൽ ഗർഭം ധരിച്ച ഏലീശ്വായെപ്പറ്റി മാലാഖയിൽനിന്നുതന്നെ അവൾ ഗ്രഹിച്ചിരുന്നു. അവരുടെ നിസ്സഹായതയെപ്പറ്റി ഓർത്തപ്പോൾ മറിയം അവളുടെ സ്വന്തം അസ്വസ്ഥത മറന്നുപോയി. ഉടൻ ഏലീശ്വായുടെ ഗൃഹത്തിലേക്കു യാത്രയായി. അക്കാലത്തു യൂദയാരാജ്യം അരാജകസംഘങ്ങളുടെയും കവർച്ചക്കാരുടെയും വിഹാരരംഗമായിരുന്നു. പൊതുരാജവീഥികളിൽക്കൂടി സ്ത്രീകൾക്കോ, ദൂരയാത്രക്കോ ആപത്തുകൂടാതെ യാത്രചെയ്യുക അസാദ്ധ്യമായിരുന്നു. അവളോ എന്നാൽ, ഇൽക്കരിംവരെ വൻമലകളും വിജനമാർഗ്ഗങ്ങളും കടന്നു യാത്രചെയ്തെത്തിയിരുന്നു. പക്ഷേ യാത്രയിലെ ആപത്തോ, കായക്ലേശങ്ങളോ, സ്വന്തം അസ്വസ്ഥതയോ അവളെ ഭയപ്പെടുത്തുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്തില്ല. അവൾ പ്രവാചകൻ കണ്ട ധൈര്യവതിയായിരുന്നു.

അവൾ ഉത്സാഹത്തോടുകൂടി പോയി എന്നു സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ ജനനി അവിടുത്തെ ഒരു ദാസിയുടെ ഗൃഹത്തിലേക്കു—അഖിലലോകസുന്ദരി ജരനര പിടിപെട്ട ഗർഭിണിയായ ഒരു വൃദ്ധയുടെ പക്കലേക്കു—ത്രിലോകരാജ്ഞി ഒരു വിനീത അവശയുടെ സഹായത്തിനായി—ഇതാ പോകുന്നു. എന്റെ അമ്മേ, എപ്പോഴെങ്കിലും പരസ്നേഹാർത്ഥം ഒരു ചെറിയ ത്യാഗം ചെയ്യേണ്ടിവന്നാൽ അതു കൊട്ടിഘോഷിക്കുന്ന ഈയുള്ളവരെ പരസ്നേഹത്തിന്റെ പരമപാവനതയെ ധരിപ്പിച്ചതരേണമെ. ആവശ്യപ്പെടാതെ അവശസഹായാർത്ഥം തുടങ്ങുന്ന നീ ആവശ്യപ്പെട്ട നിന്നെ അഭയം തേടുന്ന നിസ്സഹായരെ ഒരിക്കലും ഉപേക്ഷിക്കയില്ല എന്നു എന്നെ ഓർമ്മിപ്പിക്കേണമെ.

ഏലീശ്വാ ഈ സ്നേഹപ്രകടനത്താൽ അത്ഭുതപരതന്ത്ര യാകുന്നു. ഇതിനുമുമ്പു ഇതുപോലെ ഒരു അനുഭവം ഒരിക്കലും ഉണ്ടായിട്ടില്ല. വിസ്മയസ്സംബ്ധയായ ആ അനുഗ്രഹീതവൃദ്ധ അന്ധാളിച്ചുപോയി. "എന്റെ കർത്താവിന്റെ അമ്മ അവിടുത്തെ ദാസിയുടെ പക്കലേക്കോ" എന്നു് അവൾ അത്ഭുത പ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനം ഇവിടെ പ്രത്യക്ഷമാണു്. അവൾ അതിൽ ദൃഢമായി വിശ്വസിക്കുന്നു. വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. അവളുടെ അചഞ്ചലമായ വിശ്വാസപ്രഖ്യാപനം അവളെ മാത്രമല്ല, അവളുടെ ശിശുവിനെയും ധന്യനാക്കി, ഇരുവർക്കും ശാപമോക്ഷം അരുളി.

നിസ്വാർത്ഥമായ പരിത്യാഗത്തിന്റെയും പരസേവനത്തിന്റെയും പ്രതിഫലം അവിചാരിതവും സമൃദ്ധവുമാകുന്നു. മറിയം ഏലീശ്വയെ ആശ്വസിപ്പിക്കാൻ പുറപ്പെട്ടതു സ്വന്തം ക്ലേശങ്ങളെ അവഗണിച്ചാണു്. പക്ഷേ അതിനുള്ള പ്രതിഫലം വിസ്മയനീയവും നിസ്സീമവും അപ്രതീക്ഷിതവുമായിരുന്നു. ഏലീശ്വയുടെ അസന്നിഗ്ധവും അചഞ്ചലവുമായ വിശ്വാസപ്രഖ്യാപനം മറിയത്തെ പരമാവധി അനുഗ്രഹീതയാക്കി. അവളിൽ സംഭവിച്ചതു പരമരഹസ്യമായിരുന്നു. മനുഷ്യബുദ്ധിക്കു് അതു വിശ്വസനീയമായിരുന്നില്ല. അവളുടെ ദുഃഖത്തിന്റെ കാരണവുമതായിരുന്നു.

എന്നാൽ ഇതാ, അപ്രതീക്ഷിതമായി അവളുടെ നിർമ്മലതയ്ക്കു അഖണ്ഡമായ ഒരു സാക്ഷി. അവളുടെ പരമരഹസ്യം പരസ്യമായി പ്രശംസിക്കപ്പെടുന്നു. അവളുടെ ദിവ്യമാതൃത്വവും വിശ്വാസസ്ഥിരതയും പ്രകീർത്തിക്കപ്പെടുന്നു. അവളുടെ സന്താപം സന്തോഷമായി പകരുന്നു. അവളുടെ കളങ്കഭാരം വിജയാഹ്ലാദലോളിതമായിത്തീരുന്നു. അവൾ വികാരപരവശയായി അത്യധികമായ എളിമയിലേക്കു അമർന്നു; കൃതജ്ഞതാതിരേകത്താൽ പുളകംകൊണ്ട അവൾ ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെ വർണ്ണിച്ചു ഗാനാലാപം ചെയ്തുതുടങ്ങി.

"എന്റെ ആത്മാവു എന്റെ രക്ഷകനിൽ ആനന്ദിച്ചു. എന്തെന്നാൽ അവിടുന്നു തന്റെ ദാസിയുടെ എളിമയെ തുക്ക

ൺപാൻതു. ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു കീർത്തിക്കും. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ കരുണ, അവിടുത്തെ ഭയപ്പെടുന്നവരുടെമേൽ, പുരുഷാന്തരങ്ങളും തലമുറകളുംവരെ ഉണ്ടായിരിക്കും. അവിടുത്തെ നാമം പരിശുദ്ധം ആകുന്നു. അവിടുന്നു വിശക്കുന്നവരെ നന്മകൾകൊണ്ടു തൃപ്തരാക്കി. ധനവാന്മാരെ വെറുതെ വിട്ടു." എന്റെ അമ്മേ, മനുഷ്യാവതാരമെന്ന ഈ മഹാ ദൈവകൃപയുടെ മഹത്വപാരമ്യം അല്പമായിട്ടെങ്കിലും ഗ്രഹിക്കുന്നതിനും ആ പരമരഹസ്യത്തെ എല്ലായ്പോഴും കൃതജ്ഞതയോടുകൂടി സ്മരിക്കുന്നതിനും ഇടയുള്ളവർക്ക് അനുഗ്രഹം അരുളേണമെ.

കൃതജ്ഞത നമുക്കാവശ്യമായ ഒരു പരമഗുണമാകുന്നു. നാം പലപ്പോഴും ദുഃഖിതരായിരിക്കുന്നതു നമ്മുടെ ഹൃദയത്തിൽ കൃതജ്ഞത ഇല്ലാത്തതുകൊണ്ടാണു്. ഏതു ദുഃഖിതനും എത്രയും ചെറിയ ഒരു ഉപകാരമെങ്കിലും അന്യരിൽനിന്നോ, ദൈവത്തിൽനിന്നോ സിദ്ധിക്കാത്ത ഒരു ദിവസമെങ്കിലും ഉണ്ടാകയില്ല. ആ ഉപകാരങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുമെങ്കിൽ മറ്റു ദുഃഖങ്ങൾ താനെ മറന്നുപോകും. എന്നാൽ നമുക്കു സിദ്ധിക്കുന്ന ഉപകാരങ്ങൾ എല്ലാം നമ്മുടെ അവകാശമെന്ന നിലയിലാണു നാം സ്വീകരിക്കുന്നതു്. അതുകൊണ്ടു് എത്ര വലിയ ഉപകാരങ്ങളും നന്മയും സിദ്ധിച്ചാലും നമുക്കു തൃപ്തിവരുന്നില്ല. തൃപ്തിയില്ലാത്ത ഒരു ഹൃദയം സന്തോഷം എങ്ങനെ അനുഭവിക്കും?

നമ്മുടെ കുട്ടികളെ കൃതജ്ഞതയെന്ന ഗുണം നാം അഭ്യസിപ്പിക്കണം. ദൈവം തരുന്ന എല്ലാ നന്മകളും കൃതജ്ഞതയോടുകൂടി സ്വീകരിപ്പാൻ അവരെ പരിശീലിപ്പിക്കുക. നമുക്കു നന്മ ചെയ്യുന്നവരോടു്—അതെത്ര ചെറുതായാലും—വാങ്ങ്മൂലമെങ്കിലും കൃതജ്ഞത പ്രകാശിപ്പിക്കുവാൻ പഠിക്കുക. അപ്പോൾ നമ്മുടെ ഹൃദയം ആനന്ദംകൊണ്ടു നിറയും. മറിയത്തിന്റെ കൃതജ്ഞതാപ്രകടനം നമുക്കു ഒരു ഗുണപാഠമായിരിക്കട്ടെ.

മറിയം ഈ അനിതരസാധാരണമായ സന്തോഷാവസരത്തിലും അവളുടെ ജനത്തെ മറന്നില്ല. "അവിടുന്നു തന്റെ ദാസനായ ഇസ്രായേലിനെ കരുണയോടെ തുക്കൺപാത്തു" എന്നു് അവൾ പാടുന്നു. സന്തോഷത്തിലും സന്താപത്തിലും ഒരുപോലെ പ്രകാശിക്കുന്ന മറിയത്തിന്റെ പരസ്നേഹമേ, ദൈവസ്നേഹത്തിന്റെ പ്രകാശനം പരസ്നേഹമാണെന്നു് എന്നെ പഠിപ്പിക്കേണമെ.

പ്രായോഗികചിന്തകൾ

1) മനുഷ്യാവതാരരഹസ്യത്തെയും അതിൽ ദൈവം പ്രകടിപ്പിച്ച അനന്തസ്നേഹത്തെയും പറ്റി ദിവസവും ധ്യാനിക്കുന്നുണ്ടോ?

2) മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ നാം സ്നേഹിക്കണമെന്നാണു് അവിടുന്നു കല്പിച്ചിരിക്കുന്നതു്. മിശിഹാ നമ്മുടെ സ്നേഹത്തെപ്രതി മരിച്ചു. ഇതിൽ കുറവായി ചെയ്യുന്നവർ ഒരുത്തർക്കും മിശിഹായെ പൂർണ്ണമായി സ്നേഹിക്കുന്നുവെന്നു അവകാശപ്പെടാൻ അർഹതയില്ല.

3) അവശരുടെ സഹായാർത്ഥം ഏതു ത്യാഗവും ചെയ്യുവാൻ നാം തയ്യാറില്ലെങ്കിൽ നാം എങ്ങനെ ദൈവസ്നേഹികൾ എന്നു അഭിമാനിക്കും? പരസ്നേഹത്തിന്റെ പ്രതിഫലം അവിചാരിതവും നിസ്സീമവുമായിരിക്കുമെന്നു വിശ്വസിക്കുക.

4) പാപികളുടെ, പ്രത്യേകിച്ചു ഋഷ്യയുടെ, മാനസാന്തരത്തിനു എന്തുചെയ്യുന്നു? എന്തുചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു?

5) നമുക്കു നഷ്ടം വരുമെന്നു ഭയന്നു നാം അവശരിൽ നിന്നു് ഒഴിഞ്ഞുമാറുകയല്ലേ പലപ്പോഴും ചെയ്യുന്നതു്?

6) പുണ്യാഭ്യസനത്തിൽ നാം അധൈര്യപ്പെടുന്നുണ്ടോ? ധൈര്യവതിയായ മറിയത്തിന്റെ മക്കൾക്കു ഭീരുത്വം പാടുണ്ടോ?

7) നമ്മുടെ സങ്കടങ്ങളും ദുഃഖങ്ങളും മാറിക്കിട്ടുന്നതിനും അന്യരെ സഹായിക്കുകയാണു ഉത്തമമാർഗ്ഗം എന്നതു മനസ്സിലാക്കുക. ഒന്നു പരീക്ഷിച്ചുനോക്കുക.

8) നമുക്കു എത്രയോ പേർ എത്ര നന്മകൾ ചെയ്തിരിക്കുന്നു. അവരോടു നാം കൃതജ്ഞത പ്രകാശിപ്പിച്ചിട്ടുണ്ടോ? അവരെ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നുണ്ടോ? ഇന്നു ലഭിച്ച ദൈവാനുഗ്രഹങ്ങൾക്കു നാം കൃതജ്ഞതയോടുകൂടി ദൈവത്തിനു സ്തോത്രം ചെയ്തിട്ടുണ്ടോ? ആത്മശോധന ചെയ്യുക.

1 ആ. 10 ന. 1 ത്രി.

ഫാത്തിമാജപം (10-ാംപേജ് കാണുക)

മൂന്നാം രഹസ്യം

പരിശുദ്ധ ദൈവമാതാവു തന്റെ തിരുഉദരത്തിൽ ഉത്ഭവിച്ചു ദൈവകുമാരനെ പ്രസവിപ്പാൻ കാലമായപ്പോൾ ബത്‌ലഹം എന്ന നഗരിയിൽ പാതിരാശ്ശ പ്രസവിച്ചു ഒരു തൊഴുക്കൂട്ടിൽ കിടത്തിയെന്നു ധ്യാനിക്കുക.

ധ്യാനസംഗതി

(വി. ലൂക്കാ അദ്ധ്യായം 2 വാക്യം 1—7 വരെ)

അനന്തരം സംഭവിച്ചതായതു്: ലോകം മുഴുവൻറേയും കാനേഷുമാരി കണക്കെടുക്കണം എന്നാജ്ഞാപിക്കുന്ന ഒരു വിളംബരം അഗസ്റ്റസ് ചക്രവത്തി പുറപ്പെടുവിച്ചു. സിറിനോസ് സിറിയായിലെ നാടുവാഴി ആയിരിക്കുമ്പോൾ നടത്തിയ ഒന്നാമത്തെ കണക്കെടുക്കലായിരുന്നു ഇതു്. ഓരോരുത്തനും അവനവൻറെ സ്വന്തം നഗരത്തിൽ പോയി പേരെഴുതിക്കേണ്ടിയിരുന്നു. യൗസേപ്പു് ദാവീദിൻറെ ഗോത്രത്തിലും കുടുംബത്തിലും ഉള്ളവനായിരുന്നതിനാൽ ഗ്ലീലായിലെ പട്ടണമായ നസ്രസിൽനിന്നു് യൂദായിൽ ബത്‌ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിൻറെ പട്ടണത്തിലേക്കു് അയാൾ പേരെഴുതിക്കുവാൻ വന്നു. അവൻറെകൂടെ ഗർഭിണിയായിരുന്ന ഭാര്യ മറിയവും ഉണ്ടായിരുന്നു. അവർ അവിടെ ആയിരുന്നപ്പോൾ അവളുടെ പ്രസവസമയം ആസന്നമായി. അവൾ തൻറെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു ഒരു പുൽതൊട്ടിയിൽ കിടത്തി. എന്തുകൊണ്ടെന്നാൽ സത്രത്തിൽ അവൾക്കു സ്ഥലമുണ്ടായിരുന്നില്ല.

ഭാവന

പിറവിത്തിരുനാളിൽ പുൽക്കൂട് കാണാത്തവരുണ്ടോ? അവ എല്ലാംതന്നെ അതിമനോഹരങ്ങളും ഹൃദയാവർജ്ജകവുമാണു്. അലങ്കാരാഡംബരങ്ങളാൽ അവ പലപ്പോഴും മനോമോഹനങ്ങളും അത്യന്തം ആകർഷകങ്ങളുമാണു്. പക്ഷേ അവയൊന്നും യാഥാർത്ഥ്യത്തോടു് യോജിച്ചവയല്ല. പരമഭക്തരായ ആരാധകരുടെയും കലാവിദഗ്ധരുടേയും സങ്കല്പസൃഷ്ടികൾമാത്രം ആ



ണവ. ക്രിസ്തുവിന്റെ എളിയജനനം പല ഭക്തരേയും ഇടർച്ചഭംഗപ്പെടുത്തിയിട്ടുണ്ടാകണം. അതുകൊണ്ടു് അവരിൽ പലരും ഈ സംഭവത്തിനു മാഹാത്മ്യം കൂട്ടുവാൻ പല അത്ഭുതവർണ്ണനകൾമൂലം പുൽക്കൂടിനെ മോടിപിടിപ്പിച്ചിട്ടുണ്ടു്. അവയുടെ പ്രതിഛായയാണു് ഇന്നത്തെ പുൽക്കൂടുകളിൽ ദൃശ്യമാകുന്നതു്.

ക്രിസ്തു് യഥാർത്ഥത്തിൽ ജനിച്ചതോ അകൃത്രിമവും എതുയും ശൂന്യവുമായ ഒരു ഗുഹയിലായിരുന്നു. ഒരുപക്ഷേ അതു പണ്ടു വല്ല വന്യമൃഗങ്ങളുടെയും വാസസ്ഥലമായിരുന്നിരിക്കാം. അതിൽ ദരിദ്രരായ യാത്രക്കാർ, തങ്ങളുടെ മുമ്പു വഹിച്ചിരുന്ന കഴുതകളെ, ചില രാത്രികാലങ്ങളിൽ, കെട്ടിസൂക്ഷിച്ചിരുന്നു.

ഗുഹയുടെ പുരോഭാഗത്തു് വിശ്രുതവും സുന്ദരവുമായ താഴ്വരയും കുറച്ചകലെ യൂദായിലെ മനോഹരമായ മേച്ചിൽസ്ഥലങ്ങളും. കുന്നിന്റെ ഉപരിഭാഗത്തു പട്ടണം സ്ഥിതിചെയ്യുന്നു. കുന്നിന്റെ ചരിവു തിങ്ങിപൊങ്ങിനിൽക്കുന്ന ഫലവൃക്ഷങ്ങളെക്കൊണ്ടും മുന്തിരിച്ചെടികളെക്കൊണ്ടും നിബിഡമായിരിക്കുന്നു. പട്ടണത്തിൽ ഇന്നു് വലിയ ആൾപെരുപ്പവും ബഹളവുമാണു്. പക്ഷേ അതിന്റെ ആരവവും ശബ്ദകോലാഹലങ്ങളും ചുറ്റും തിങ്ങിവളരുന്ന വൃക്ഷങ്ങളിൽതട്ടി ചിന്നിച്ചിതറി പോകുന്നതിനാൽ ഗുഹയെ ബാധിക്കുന്നില്ല. ഗുഹക്കു ചുറ്റും വിജനതയുടെ നിശ്ശബ്ദതയും രാത്രിയുടെ ഇരുളും മാത്രം. മുമ്പിൽ കൊളുത്തിവച്ചിട്ടുള്ള ആ ചെറുപന്തം ഗുഹയ്ക്കുള്ളിൽ സൌമ്യമായ വെളിച്ചം ചിന്തുന്നു. ഗുഹാദ്വാരത്തിനടുത്തു് മറിയത്തെ വഹിച്ച കഴുതയെ ബന്ധിച്ചിരിക്കുന്നു. ഗുഹയുടെ അന്തർഭാഗത്തു്, ഒന്നുരണ്ടുദിവസംമുമ്പു് സ്ഥലംവിട്ടുപോയ അജ്ഞാതരായ ഏതോ യാത്രക്കാർ ഉപേക്ഷിച്ചിട്ടിരുന്ന പഴയ വൈക്കോലും യാത്രോപകരണങ്ങളും കാണാം. ഗുഹയ്ക്കു കൂരയായി ഉതിരുള്ളിൽ മറിയവും യൗസേപ്പും വിശ്രമിക്കുന്നു. ഗർഭിണിയും യൗവനയുക്തയുമായ തന്റെ ഭാര്യയുടെ തൽക്കാലനിസ്സഹായത ഓർത്തു യൗസേപ്പു മഹാദുഃഖിതനായിരിക്കുന്നു.

അനുസ്മരണാവിഷയം

"ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം."

ധ്യാനസംഗ്രഹം

അനാദ്യനും സ്രഷ്ടാവുമായ ദൈവം ലോകോദ്ധാരണത്തി
നായി ഭ്രജാതനാകുന്ന അത്യത്ഭുതസംഭവം. മനുഷ്യകുലം സു
ദീർഘകാലം പ്രതീക്ഷിച്ചിരുന്ന രക്ഷയുടെ സുദിനം. ആദത്തി
ന്റെ പാപത്താൽ വന്നുചേർന്ന ദൈവശാപം ഹേതുവായി മര
ണഭീതിയിലും, അവർണ്ണനീയമായ ക്ലേശാതയിലും ദുസ്സഹമായ
നൈരാശ്യത്തിലും ആണ്ടുപോയ ലോകത്തിനു ശാപമോക്ഷം
പ്രദാനംചെയ്ത സമാധാനത്തിന്റേയും പ്രത്യാശയുടേയും നവ
യുഗത്തിലേക്കു ലോകത്തെ ആനയിച്ച മാനവചരിത്രത്തി
ലെ വിപ്ലവകരമായ ഏകസംഭവം.

ധ്യാനം

ഈ പുൽതൊട്ടിലിൽ നിസ്സഹായനായി കിടക്കുന്ന പി
ഞ്ചുപൈതലിനെ ആത്മനാ ദർശിക്കുക. സകലത്തിന്റെയും
ആരംഭവും അനാദ്യനന്തനും സ്വയംഭൂവുമായ ദൈവംതന്നെയാകു
ന്ന ഈ പുൽക്കൂട്ടിൽ ശയിക്കുന്ന ദരിദ്രശിശു. പരിപൂർണ്ണമനു
ഷ്യത്വം സ്വീകരിച്ച നമ്മുടെ സഹോദരനായി ജനിച്ചിരി
ക്കുന്ന "വചന"മാകുന്ന ഈ ശിശു. ബുദ്ധിയുടെ ഗ്രഹണശക്തി
യോ മനസ്സിന്റെ ഭാവനാവൈദഗ്ധ്യമോകൊണ്ടുമാത്രം ഇതു
ഗ്രഹിക്കുവാൻ സാദ്ധ്യമല്ല. ഊഷ്മളവും ദൃഢവുമായ വി
ശ്വാസത്തിനുമാത്രമേ ഇതു പൂർണ്ണമായി ഗ്രാഹ്യമാകയുള്ളൂ.
വിനീതമനസ്കരായി, അചഞ്ചലമായ വിശ്വാസത്തോടുകൂടി,
ഉണ്ണിയെ ആത്മനാ ആരാധിക്കുക.

ബെത്ലേഹം രണ്ടുമൂന്നുദിവസങ്ങളായി പൂർവ്വാധികം പ്ര
ബുദ്ധയായി കാണപ്പെട്ടു. സംഘംസംഘമായി തുടരെ വന്നുചേ
ർന്ന യാത്രക്കാരെക്കൊണ്ടു പൊതുനിരത്തുകളും ഭവനങ്ങളും നിറ
ഞ്ഞുകഴിഞ്ഞു. എവിടെയും തിക്കും തിരക്കും വിനോദങ്ങളും കു
ശലസല്ലാപങ്ങളും ആഹ്ലാദപ്രകടനങ്ങളും. ഇതിനിടയ്ക്ക്
ദരിദ്രരായ രണ്ടു യാത്രക്കാരും വിടുതി അന്വേഷിച്ചു അവിടെ
എത്തിക്കഴിഞ്ഞു. യൗസേപ്പു ഗർഭിണിയായ മറിയത്തെയും
കൊണ്ടു് ആദ്യമായി പൊതുസത്രത്തിൽ എത്തുന്നു. ക്ഷീണിത
യായ തന്റെ ഭാര്യക്കുവേണ്ടി അദ്ദേഹം സ്വല്പം സ്ഥലംയാചി
ക്കുന്നു. പക്ഷേ ഗർഭിണിയായ മറിയത്തിനു അവിടെ എങ്ങ

നെ വിശ്രമസ്ഥലം ലഭിക്കും? അവരെ പ്രവേശിപ്പിക്കുന്നതു ധനവാന്മാരും പ്രതാപവാന്മാരുമായ മറ്റു അതിഥികൾക്കു് അപ്രിയമാകും. യൗസേപ്പു പിന്നീടു് വീടുകൾതോറും ഒരു വീടു തീ അന്വേഷിച്ചു. അതിഥിസൽക്കാരത്തിൽ ആവൃതരായവർക്കു ഈ ദരിദ്രരെ, പ്രത്യേകം ഗർഭിണിയെ, ശുശ്രൂഷിപ്പാൻ സമയമോ സൗകര്യമോ ഉണ്ടായില്ല. എല്ലാവരാലും നിഷ്കാസിതരായി, ഈ ദരിദ്രദമ്പതിമാർ പട്ടണം വിടുന്നു.

അപ്പോൾ അവർ യൂദായിലെ പല വിജനഗ്രഹകളെപ്പറ്റിയും ഓർത്തു. അതിലൊന്നിലെങ്കിലും അഭയം തേടണമെന്നു ആശിച്ചു ഈ ദമ്പതിമാർ ഇടുങ്ങിയ മാർഗത്തോടെ കുന്നിൻചരിവിലേക്കിറങ്ങി. അവർ ഒരു ഗ്രഹകാണുകയും അതു ശുചിയാക്കി അതിൽ വിശ്രമിക്കുകയും അന്നു രാത്രി മറിയം അവളുടെ ആദ്യജാതനെ പ്രസവിക്കുകയും ചെയ്തു.

ബത്‌ലഹം അപ്പോൾ സന്തോഷത്തിലും ആഹ്ലാദത്തിലും മുഴുകിയിരുന്നു. അവിടെ കൂടിയിരുന്ന ജനങ്ങൾ എല്ലാവരുംതന്നെ രക്ഷകനായ മിശിഹായെ പ്രതീക്ഷിച്ചിരുന്നവരാണു്. അവരിൽ ചിലർ അപ്പോഴും അതിനായി പ്രാർത്ഥിച്ചിരുന്നവരായിരിക്കാം. എല്ലാവരും മിശിഹായെ അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചാഗ്രഹിച്ചു് ആജീവനാന്തം പ്രാർത്ഥിച്ചവന്ന രാജർഷി ദാവീദിന്റെ വംശജരുമാണു്. എങ്കിലും അവർ ഒരുത്തരും, മിശിഹാ വന്നപ്പോൾ, അദ്ദേഹത്തെ അറിഞ്ഞില്ല. അവിടുന്നു അവരുടെ വാതിൽക്കൽ മുട്ടിയപ്പോൾ അവിടുത്തേക്കു അവർ വാതിൽ തുറന്നു കൊടുത്തുമില്ല. ലോകവ്യാപാരങ്ങളിൽ ആവൃതരായിരിക്കുന്നവരുടെയിടയിൽ ദൈവപ്രചോദനങ്ങൾക്കു സ്ഥാനമില്ല. ദ്രവ്യവും ലൗകികപ്രതാപമഹിമയും ആശിക്കുന്നവരുടെയും, അവയ്ക്കുവേണ്ടിയോ, അവയോടുകൂടിയോ ദൈവരാജ്യം അന്വേഷിക്കുന്നവരുടെയും ഇതാണു് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്.

ബത്‌ലഹം പട്ടണത്തിന്റെ ദുർവിധി. വിധിദിവസത്തിൽ അതിന്റെ നൈരാശ്യം വർണ്ണനാതീതമായിരിക്കും. "കർത്താവെ, നിന്നെയായിരുന്ന ആ ദരിദ്രഗർഭിണി അന്നു വഹിച്ചിരുന്നതു് എന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ" എന്നു് ഓരോരുത്തരും കരയുമായിരിക്കും. പക്ഷേ അവരെമാത്രം നാം

കൂറപ്പെട്ടത്തുന്നതെന്തിനു"? മാളികകളിലും മണിമേടകളിലും അരമനകളിലും താമസിക്കുന്ന നാം ദരിദ്രരുടെമുമ്പിൽ നമ്മുടെ പടിവാതിൽ എന്നെങ്കിലും അടച്ചിട്ടുണ്ടോ? നമ്മിൽ എത്ര പേർ അസൂയകയ്ത്തിന്റെ പേരിൽ അവരെ പുറംതള്ളിയിട്ടുണ്ട്. നാം മേടകൾ പണിയുമ്പോൾ ദരിദ്രർക്കു ഒരു ചെറുകുടിലെങ്കിലും പണിയിച്ചിട്ടുണ്ടോ? വാടകകിട്ടുകയില്ലെന്നു ഭയന്നു ഭവനരഹിതർക്കു നമ്മുടെ ഒഴിഞ്ഞകൈട്ടിടങ്ങൾ കൊടുക്കാതിരുന്നിട്ടുണ്ടോ? നമ്മുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അജ്ഞാനിക്കുന്നവർക്കും, സാധുയാത്രക്കാർക്കും വിശ്രമസ്ഥലങ്ങൾ, സത്രങ്ങൾ മുതലായവ പണിയിച്ചിട്ടുണ്ടോ? വിധിദിവസത്തിൽ ബെസ്സേഹമോ, ക്രിസ്തുനാമധാരികളായ നാമോ കൂടുതൽ നൈരാശ്യപ്പെടേണ്ടതു"?

മറിയത്തിന്റെ വ്യസനം സീമാതീതമായിരുന്നു. അതു അവളെപ്രതീക്ഷയായിരിക്കയില്ല. രക്ഷകനെ നിഷേധിച്ച അവളുടെ ജനത്തെക്കുറിച്ചും സ്വന്ത വംശജരെക്കുറിച്ചുമായിരിക്കും മറിയത്തിന്റെ സഹനവും വിശ്വാസത്തിന്റെ ദാർഢ്യവും അത്ഭുതകരമായിരിക്കുന്നു. അവളുടെ സുതൻ ലോകോദ്ധാരകനാണെന്നു അവൾ വിശ്വസിച്ചിരുന്നു. സർവ്വശക്തനെന്നും അവൾ അറിഞ്ഞിരുന്നു. അവൾക്കു ഒരു ഭവനമുണ്ടായിരുന്നു. അവളുടെ ഭർത്താവിനു വിനീതമെങ്കിലും ഒരു വിട്ടുതിയുണ്ടായിരുന്നു. എങ്കിലും അവൾ ഇപ്പോൾ ഒരിടവുമില്ലാതെ മൃഗങ്ങളുടെ ഗുഹയെ ആശ്രയിക്കേണ്ടിവന്നു. ദൈവത്തിന്റെ ശക്തി യെവിടെ? അന്നഗ്രഹമെവിടെ? അവൾക്കു സംശിക്കാമായിരുന്നു. അന്നു ബെത്ലഹമിൽ അവളുടെയും യൗസേപ്പിന്റെയും ചാവുക്കാർ പലതും ഉണ്ടായിരുന്നു.

എങ്കിലും മനുഷ്യസഹായം ഏറ്റവും ആവശ്യമായിരുന്ന ആ സമയത്തു അവൾ തീരെ പരിത്യക്തയാകുന്നു. നിസ്സഹായയാകുന്നു. ദൈവത്തിന്റെ പരിരക്ഷ എവിടെ? അവളുടെ പുത്രനു" അവളെ ഈ ഘട്ടത്തിൽ രക്ഷിപ്പാൻ പ്രാപ്തിയില്ലേയെന്നു" അവൾക്കു ചോദിക്കാമായിരുന്നു. പക്ഷേ ഈ സംശയങ്ങൾ അവൾക്കുണ്ടായിരുന്നില്ല. ഒരുപക്ഷേ പരിശുദ്ധൻ, പരിശുദ്ധൻ എന്നു" പരിശുദ്ധരായ വാനാശ്രുവികൾ പുകഴ്ത്തുന്ന പരിശുദ്ധനായ ആ ദിവ്യകുമാരനെ സ്പർശിക്കുവാൻ അമ

ലോത്തുവയായ മറിയത്തിനും വാനാത്രപികൾക്കുമല്ലാതെ മറ്റു യാതൊരു മനുഷ്യജീവിക്കും അവകാശമില്ലാത്തതിനാലായിരിക്കാം മറിയത്തിനെ മറ്റു സകല ജീവികളിൽനിന്നും ദൈവം അപ്പോൾ വേർപെടുത്തിയതു്.

പരമപരിശുദ്ധനായ ദൈവം എങ്ങനെ പാപപങ്കിലമായ ഭവനങ്ങളിൽ ഭ്രജാതനാകും? അതുകൊണ്ടായിരിക്കാം അവിടുന്നു മനുഷ്യസ്പർശമേറ്റ ഭവനങ്ങളിൽ ഭ്രജാതനാകാതെ മൃഗശാലയിൽ ജാതനായതു്. ഇപ്രകാരമെല്ലാം മറിയം അപ്പോൾ സമാശ്വസിച്ചിട്ടുണ്ടാകുമോ! ദാരിദ്ര്യത്തിന്റേയും നിസ്സഹായതയുടേയും ഉഗ്രമായ യാതനയിൽ ഉരുകിപ്പിടഞ്ഞു് ഉഴലുന്ന ഈ സന്ദർഭത്തിലും മറിയത്തിന്റേയും യൗസേപ്പിന്റേയും വിശ്വാസം അചഞ്ചലമായിരുന്നു. ദാരിദ്ര്യത്തിന്റെ യാതനയിൽ പിറന്ന ആ കുഞ്ഞിനെ, അവർ ദൈവമായി, സംശയലേശംകൂടാതെ, ശങ്കാരഹിതരായി, വിശ്വസിച്ചാരാധിച്ചു. മറിയത്തിന്റെ വിശ്വാസത്തിന്റെ നിസ്സീമവ്യാപ്തി. അരിഷ്ടതകളിലും യാതനകളിലും ദൈവത്തിന്റെ കാരുണ്യം കാണാതെ വലയുന്ന അവസരങ്ങളിൽ ദൈവപരിപാലനയിൽ സുദൃഢമായ വിശ്വാസം ലഭിക്കുന്നതിനു മറിയത്തിന്റെ മാദ്ധ്യസ്ഥം അഭ്യർത്ഥിക്കാം.

ദൈവം ഭ്രജാതനായ പുൽക്കൂടിന്റെ ദാരിദ്ര്യവും ആ ശിശുവിന്റെ പരിപൂർണ്ണ നിസ്സഹായാവസ്ഥയും ഓമ്മയിൽ വരുത്തുക. രക്ഷകൻ ഭ്രജാതനായപ്പോൾ അവിടുന്നു ലോകത്തിനു മുക്തിയും ശാന്തിയും കൈവരുത്തുന്നതിനു് വിപ്ലവകരമായ ഒരു പുതിയ തത്വശാസ്ത്രം പ്രസംഗിച്ചു. അതു് ഇതിനുമുൻപു് ലോകം കേട്ടിരുന്നതല്ല. അതു ലോകത്തിനു് ആശ്ചര്യകരവും നൂതനവുമായിരുന്നു. ലോകം അന്നുവരെ വിലമതിച്ചിരുന്നവയെല്ലാം നികൃഷ്ടങ്ങളെന്നും, ലോകം നിന്ദ്യമായി പരിഗണിച്ചിരുന്നവയെല്ലാം സ്പൃശ്യയോഗ്യമെന്നും വിളംബരം ചെയ്യുന്നതായിരുന്നതു്. അതുവരെ ലോകം ദാരിദ്ര്യത്തെ വെറുത്തിരുന്നു. ധനത്തെ ആഗ്രഹിച്ചിരുന്നു. ലോകായതികന്മാർ ഇന്നും അതുപോലെതന്നെ വിശ്വസിച്ചു പ്രവർത്തിക്കുന്നു. ക്രിസ്ത്യാനികളായ നാമും ഇതുതന്നെ ഇപ്പോഴും ഏറെക്കുറെ നമ്മുടെ ജീവിതാദർശമായി കൈക്കൊണ്ടിട്ടുണ്ടു്. പുണ്യജീവിതം നയിക്കുന്നെന്നു വി

ചാരിക്കുന്നവർതന്നെ പലപ്പോഴും ദാരിദ്ര്യം ദൈവകോപത്തി
ന്റെ ലക്ഷണമെന്നും ധനവും ലോകസൌഖ്യവും ദൈവപ്രീ
തിയുടെ ലക്ഷണമെന്നും വിശ്വസിക്കുകയും തദനുസരണം പ്ര
വർത്തിക്കുകയും ചെയ്യുന്നു.

പക്ഷേ ലോകം സന്തൂജ്യമായി കരുതുന്ന ധനം മിശിഹാ
വെറുത്തു. നിന്ദ്യമായി കരുതിയിരുന്ന ദാരിദ്ര്യം സ്വീയമെ
ന്നു പ്രഖ്യാപിച്ചു. സ്വർഗ്ഗം അവിടുത്തേക്കു നിന്ദ്യമായിരുന്നു.
അവിടുന്നു ധനവാന്മാരോടു് മുട്ടുവായി സംസാരിച്ചിട്ടില്ല. നി
നക്കുള്ളതെല്ലാം വിറ്റു ഭിക്ഷകൊടുപ്പാൻ അവിടുന്നു ഉപദേ
ശിച്ചു. ദരിദ്രർ ഭാഗ്യവാന്മാരെന്നു് അവിടുന്നു് തന്റെ ഗിരി
പ്രഭാഷണത്തിൽ ലോകത്തെ പഠിപ്പിച്ചു. ലോകവ്യാമോഹ
ങ്ങളിൽപെട്ട ബദ്ധപ്പെടുന്ന നമ്മുടെ വിവേകവും ബുദ്ധിയുമെ
വിടെ? അവിടുത്തെ അക്ഷരംപ്രതി പിൻമൊന്ന അസ്സീസി
യുടെ കന്യകകളും സന്ന്യാസികളും അനുഭവിക്കുന്ന സ്വർഗ്ഗീയാ
നന്ദം ഇന്നു വേറെ ആരനുഭവിക്കുന്നു? ദാരിദ്ര്യത്തെ ആഗ്രഹി
ക്കുക, ധനത്തെ വെറുക്കുക എന്നു് അവിടുന്നു് പുൽക്കൂട്ടിൽ
കിടന്നുകൊണ്ടു് ലോകത്തെ പഠിപ്പിക്കുന്നു. ലോകം സുഖം
ആഗ്രഹിക്കുന്നു. യാതനകൾ സ്വർഗ്ഗീയമെന്നും സുഖം നിഷി
ദ്ധമെന്നും ഈശോ പഠിപ്പിച്ചു. ദാരിദ്ര്യത്തിന്റെ മാഹാത്മ്യം
തൊഴുക്കൂട്ടിലും യാതനകളുടെ മാഹാത്മ്യം കുരിശിലും അവിടു
ന്നു പ്രകടമാക്കി. രണ്ടു ഘട്ടങ്ങളിലും അവിടുത്തെ പ്രധാന
സഹചാരിണി മറിയംതന്നെ.

ലോകകായ്ങ്ങളുടെ വില നാം പലപ്പോഴും നമ്മുടെ മു
റ്റും വസിക്കുന്ന ലോകായതികന്മാരിൽനിന്നു പഠിക്കുന്നു.
പുൽക്കൂട്ടിൽനിന്നു പഠിക്കുന്നില്ല. നമ്മുടെ നീതി അക്രൈ
സ്തവ സംസ്കാരത്തിന്റെ തോതിൽത്തന്നെ നമ്മൾ നിശ്ചയിക്കുന്നു.
ലോക വ്യാമോഹത്തിലുള്ള വ്യഗ്രത.

മിശിഹാ ഒരു മഹാലോകവിപ്ലവസംരംഭത്തിനായി ഭൂ
ജാതനായി. ലോകത്തെ ജയിച്ചു അതിനെ ദൈവത്തിനു സമ
ർപ്പിക്കാൻ. അതിന്റെ കരുക്കളായി അവിടുന്നു് സംഭരി
ച്ചതു് മൂഢങ്ങൾ അധിവസിച്ച പുൽക്കൂടും ആരോ ഉപേക്ഷി
ച്ചുപോയ പഴയ വൈക്കോലും മാത്രം. അവിടുത്തേക്കു് പൂർവ്വിക
സ്വത്തു് അല്പമായിട്ടെങ്കിലും ഉണ്ടായിരുന്നു. അതു അവിടു

ന്നു് പൂർണ്ണമായി തൃജിച്ചു. ഭക്തോത്തമാവേ, സൽപ്രസ്ഥാനങ്ങൾ തുടങ്ങുന്നതിനുമുമ്പിൽ അതിനുവേണ്ടി പണം സ്വരൂപിച്ചുകൂട്ടികാണുവാൻ, പണം ശേഖരിക്കാൻ, വെമ്പൽകൊള്ളുന്നവരേ, സൽപ്രസ്ഥാനങ്ങൾ നീണാൾ നിലനിൽക്കുവാനെന്ന വ്യാമോഹത്തിൽപ്പെട്ട അധർമ്മമായിപോലും ധനം കൂട്ടുവാൻ ശ്രമിക്കുന്നവരേ, പുൽക്കൂട്ടിലെ ശിശു നിങ്ങളോടു് പ്രസംഗിക്കുന്നതെന്തെന്നു് ശ്രദ്ധിക്കുവിൻ. നിങ്ങൾക്കു ദൈവനിവേശിതങ്ങളായ പ്രേരണകൾ ഉണ്ടാകുന്നുണ്ടോ? ലോകത്തിന്റെ ആയുധമായ ആളും, ധനവും ശേഖരമായി കാണാത്തതുകൊണ്ടുമാത്രം അതു തുടങ്ങാതിരിക്കരുതേ. ലോകോദ്ധാരണത്തിനായി ക്രീസ്തുവിനെ പിഞ്ചെന്ന മഹാത്മാക്കൾ അവരുടെ മഹാസ്ഥാപനങ്ങൾ തുടങ്ങുന്നതിനുമുമ്പു പുൽക്കൂട്ടിലെ ഉപകരണങ്ങൾ മാത്രമാണു് ആലംബമാക്കിയതു്. നാം നല്ലവരായി ജീവിച്ചിട്ടും പരിശ്രമശീലന്മാരായിരുന്നിട്ടും ദ്രവ്യനഷ്ടത്തിലും, ജീവിതക്ലേശത്തിലുംപെട്ട വലയുന്നുണ്ടോ? എന്നാൽ തീവ്രയായും നമ്മുടെ ഹൃദയങ്ങളിലും, കുടുംബങ്ങളിലും മിശിഹാതമ്പുരാനും തന്റെ ദിവ്യമാതാവിനും വിശ്രമിക്കുവാൻ പുൽക്കൂടു് പണിയുകയാണെന്നറിഞ്ഞു സമാശ്വസിക്കുക. ആഹ്ലാദിക്കുക.

മറിയമേ, ഞാൻ ഇന്നു് എന്റെ ധനമോഹത്തേയും ലോകാഡംബരപ്രിയത്തേയും സുഖതൃഷ്ണയേയും നിനക്കു് ഏല്പിച്ചതരുന്നു. ക്രീസ്തുനാഥന്റെ രാജത്വത്തിനു് എന്റെ വ്യവസ്ഥകളില്ലാത്ത വിധേയത്വത്തിന്റെ ലക്ഷ്യമായി നീ ഇതു് ആട്ടിടയരുടെ എളിയ ദാനങ്ങളോടുചേർത്തു് ദിവ്യ ഉണ്ണിയുടെ മുമ്പിൽ സമർപ്പിക്കേണമെ.

ദിവ്യ ഉണ്ണിയുടെ ആശിസ്സുകളും സ്വർഗ്ഗീയാനന്ദവും, അവ നിഷ്കളങ്കരും അദ്ധ്വാനശീലരുമായ ആട്ടിടയർക്കുമാത്രം. അവ പട്ടണത്തിലെ ആർഭാടത്തിൽകൂടി മിശിഹായെ അന്വേഷിച്ചിരുന്നവരും പ്രതീക്ഷിച്ചിരുന്നവരുമായ ബെത്ലഹം വാസികൾക്കു് നിഷേധിക്കപ്പെട്ട. ദാരിദ്ര്യവും ത്യാഗവും അവിടുത്തെ മഹാസന്ദേശം സ്വീകരിക്കുന്നതിനു അത്യന്താപേക്ഷിതങ്ങളായ വ്യവസ്ഥകളാണു്. ആ സന്ദേശം സ്വീകരിക്കുന്നതിൽനിന്നുമാത്രം ഉണ്ടാകുന്ന ശാന്തിയും സ്വർഗ്ഗീയ പരമാനന്ദവുംമാത്രം യഥാർത്ഥം. ഈ മഹാനുഗ്രഹം, എന്റെ അമ്മേ, എനിക്കു തരു

വീക്കേണമെ. വാനാരൂഢികളുടെ സ്വർഗ്ഗീയ സന്ദേശം ഞാനും ശ്രവിക്കട്ടെ. ഞാൻ ദാരിദ്ര്യാംബികയെ സ്നേഹിക്കുന്നതിനും അങ്ങനെ ഈ സുദിനത്തിലെ സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നതിനും, എന്റെ അമ്മേ, എന്നെ യോഗ്യയാക്കേണമേ.

പ്രായോഗിക ചിന്തകൾ

1) ദാരിദ്ര്യത്തിനേറയും, ധനത്തിനേറയും, ദുഃഖത്തിനേറയും, ലൌകിക സുഖങ്ങളേടേയും നേരെ എന്റെ മനോഭാവമെന്താണു"? ഞാൻ ധനമോഹിയാണോ?

2) ദരിദ്രരേയും, സഹായാർത്ഥകരേയും ഉള്ളഴിഞ്ഞു സഹായിപ്പാൻ ഞാൻ തയ്യാറായിട്ടുണ്ടോ? അതോ ബത്ലഹം നിവാസികളെപ്പോലെ അവരെ ഒഴിഞ്ഞു മാറിയിട്ടുണ്ടോ?

3) ധനത്തേയും ദൈവത്തേയും, ലൌകികസുഖത്തേയും പുണ്യത്തേയും ഒരുമിച്ചു സേവിക്കുന്നതിനല്ലേ ഞാൻ ശ്രമിക്കുന്നതു"? അതസാദ്ധ്യമാണെന്നു" ധരിക്കാൻ ശ്രമിക്കണം.

4) ലോകത്തിൽ ദുഃഖമനുഭവിക്കുന്നവർ ഏതോതരത്തിൽ ദൈവത്താൽ അനുഗ്രഹിക്കപ്പെടാത്തവരാണെന്നു" മനസ്സിന്റെ അടിത്തട്ടിൽ വിധീകല്പിച്ചു അവരെ പുച്ഛിക്കുന്നില്ലേ? അങ്ങനെ ഉള്ളവർ പലപ്പോഴും ദൈവത്തിനു" എത്രയും പ്രിയപ്പെട്ടവരാണെന്നു മനസ്സിലാക്കുവാൻ ശ്രമിക്കുന്നുണ്ടോ?

5) സൽപ്രസ്ഥാനങ്ങൾ തുടങ്ങുമ്പോൾ — പ്രത്യേകം നിർഭാഗ്യരെ സഹായിക്കേണ്ട അവസരങ്ങളിൽ— നമുക്കു കൂടുതൽ ധനനഷ്ടം ഉണ്ടായേക്കുമെന്നു ഭയപ്പെട്ടു അതിൽനിന്നു ഒഴിഞ്ഞിട്ടുണ്ടോ?

6) നാം ആർക്കെങ്കിലും സഹായം നിഷേധിച്ചിട്ടുണ്ടെങ്കിൽ അവരിൽ ചിലരെങ്കിലും മിശിഹായുടെ പ്രേമഭാജനങ്ങൾ ആയിരിപ്പാൻ ഇടയുണ്ടു". അവർക്കു സഹായം നിഷേധിച്ചിട്ടുണ്ടെങ്കിൽ അന്നു മറിയത്തിനു എതിരായി വാതിൽ അടച്ച ബത്ലഹം വാസികളെപ്പോലെ വിധിദിവസം നൈരാശ്യപ്പെടാതിരിപ്പാൻ ഇപ്പോൾതന്നെ പ്രായശ്ചിത്തമായി ദരിദ്രരെ കണ്ടുപിടിച്ചു പതിന്മടങ്ങു സഹായം ചെയ്യുക. അതല്ലെങ്കിൽ വിധി ദിവസം ചിലപ്പോൾ നമ്മുടെ ദുഃഖം വലുതായിരിക്കും.

1 അ. 10 ന. 1 ശ്ലീ.

ഫാത്തിമാ ജപം. (10-ാംപേജ് കാണുക.)

നാലാം രഹസ്യം

"പരിശുദ്ധ ദൈവമാതാവു തന്റെ ശുദ്ധീകരണത്തിന്റെ നാൾ വന്നപ്പോൾ നമ്മുടെ കർത്താവീശോമിശിഹായെ കൂട്ടി ക്കൊണ്ടു് ദൈവാലയത്തിൽ ചെന്നു് ദൈവത്തിനു കാഴ്ചവെച്ചു് ശെമയോൻ എന്ന മഹാത്മാവിന്റെ കരങ്ങളിൽ കയ്യാളിച്ചു എന്നു ധ്യാനിക്ക."

ധ്യാനസംഗതി


(വി. ലൂക്കാ അദ്ധ്യായം 2. വാക്യം 22 മുതൽ 39 വരെ.)

മോശയുടെ പ്രമാണപ്രകാരം ശുദ്ധീകരണത്തിനുള്ള ദിവസം ആസന്നമായപ്പോൾ, ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടേണ്ടതിനായി അവർ അവനെ ഓർശ്ശലേമ്മിലേയ്ക്കു കൊണ്ടുപോയി. ഗർഭപാത്രം തുറക്കുന്ന ഏതു പുരുഷസന്താനവും കർത്താവിന്റെ പരിശുദ്ധനായി പരിഗണിക്കപ്പെടണമെന്നു് ദൈവപ്രമാണത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ ദൈവപ്രമാണം അനുശാസിക്കുന്നതുപോലെ അവർ രണ്ടു ചെങ്ങാലികളെയോ രണ്ടു മാടപ്രാവുകളെയോ അവനുവേണ്ടി ബലിയായി സമർപ്പിക്കപ്പെടേണ്ടിയിരുന്നു. ഇക്കാലത്തു് ശിമയോൻ എന്നു പേരായി ഒരാൾ ഓർശ്ശലേമ്മിൽ വസിച്ചിരുന്നു. നീതിമാനും, നിയമാനുഷ്ഠാനങ്ങളിൽ ശ്രദ്ധാലുവുമായിരുന്ന അയാൾ ഇസ്രായേലിന്റെ പക്കലേക്കു് കൊണ്ടുവരപ്പെടുവാനിരുന്ന ആശ്വാസത്തെ ക്ഷമാപൂർവ്വം പ്രതീക്ഷിച്ചിരുന്നു. പരിശുദ്ധാത്മാവു് അയാളിൽ വസിച്ചിരുന്നു. കർത്താവു് അഭിഷേകംചെയ്ത ക്രിസ്തുവിനെ കാണുന്നതുവരെ അയാൾ മൃതിയടയുകയില്ലെന്നു പരിശുദ്ധാത്മാവു് അദ്ദേഹത്തിനു് വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. പരിശുദ്ധാത്മാവിനാൽ ആ നീതനായി അയാൾ അപ്പോൾ ദൈവാലയത്തിൽ വന്നു. ശിശുവിനെ സംബന്ധിച്ചു നിയമം അനുശാസിക്കുന്ന മുറകൾ നിറവേറേണ്ടതിനായി അവനെ തന്റെ മാതാപിതാക്കന്മാർ അവിടെ കൊണ്ടുവന്നപ്പോൾ, അവനെ സ്വകരങ്ങളിൽ വഹിക്കുന്നതിനു് ശിമയോനും സാധിച്ചു. അപ്പോൾ ദൈവത്തെ വാഴ്ത്തിക്കൊണ്ടു് അയാൾ ഇങ്ങനെ പറഞ്ഞു. സ്വർഗ്ഗാധിനാഥാ, അവിടത്തെ വാക്കനുസരിച്ചു് അവിടുത്തെ ദാസനെ

ഇപ്പോൾ സമാധാനത്തിൽ വിട്ടയച്ചാലും. എന്തുകൊണ്ടെന്നാൽ എല്ലാ ജാതികളുടേയും മദ്ധ്യത്തിൽ അങ്ങു സജ്ജമാക്കിയിരിക്കുന്ന രക്ഷാകരശക്തിയെ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. പുറജാതികൾക്കു വെളിപാടു നൽകുവാനുള്ള പ്രകാശം ഇതാകുന്നു. അങ്ങേ ജനമായ ഇസ്രായേലിന്റെ മഹത്വം ഇതാകുന്നു. ശിമ്യോൻ ഇപ്രകാരം പറഞ്ഞവയെപ്പറ്റി അവന്റെ അപ്പനും, അമ്മയും അപ്പോഴും വിസ്മയിക്കുകയായിരുന്നു. ശിമ്യോൻ അവരെ അനുഗ്രഹിച്ചശേഷം അവിടുത്തെ അമ്മയോടു് പറഞ്ഞതായതു്: ഇതാ ഈ ശിശു ഇസ്രായേലിൽ പലരുടേയും അധഃപതനത്തിനും ഉയർച്ചയ്ക്കുമായി നിശ്ചയിക്കപ്പെട്ട ഒരു ചിഹ്നവും ആയിരിക്കും. ഇങ്ങനെ പല ഹൃദയ വിചാരങ്ങളും വെളിപ്പെടുത്തപ്പെടും. നിന്റെ ആത്മാവിനെ ഒരു വാൾ കുത്തിപ്പിളർക്കും. അക്കാലത്തു് ആസേറിന്റെ ഗോത്രത്തിൽപെട്ട ഫാനുവേലിന്റെ പുത്രിയും അന്ന എന്നു പേരുള്ളവളുമായ ഒരു ദീർഘദർശിനി ഉണ്ടായിരുന്നു. വളരെ പ്രായംചെന്നവളായിരുന്ന അവൾ താരുണ്യത്തിനുശേഷം ഏഴുവത്സരം ഭർത്താവിനോടുകൂടി വസിച്ചിട്ടുണ്ടു്. അവൾ വിധവയായിട്ടു് ഇപ്പോൾ എൺപത്തിനാലു സംവത്സരമായി. ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ടു രാവും പകലും തുടർച്ചയായി അവൾ ദൈവാലയത്തിൽതന്നെ വസിച്ചിരുന്നു. അവളും അതേസമയത്തുതന്നെ ദൈവത്തിനു സ്തോത്രം ചെയ്യേണ്ടതിനായിട്ടു് അടുത്തുവന്നു. ഇസ്രായേലിന്റെ പരിത്രാണത്തെ ക്ഷമാപൂർവ്വം പ്രതീക്ഷിച്ചിരുന്ന എല്ലാവരോടും ആ ശിശുവിനെപ്പറ്റി സംസാരിക്കയും ചെയ്തു. കർത്താവിന്റെ പ്രമാണത്തിൽ കല്പിച്ചിരിക്കുന്നവയെല്ലാം നിറവേറ്റിയശേഷം അവർ ഗ്രീലായിൽ അവരുടെ സ്വന്തം നഗരമായ നസ്രത്തിലേക്കു തിരിച്ചുപോയി.

ഭാവന

ദാവീദിന്റെ വിശ്വാസവും ശ്ലോമോന്റെ പ്രതാപവും ഉൽഘോഷിച്ചു് ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരുന്ന ജറുസലേമിലെ പ്രൗഢഗംഭീരവും മനോജ്ഞവുമായ ദൈവാലയം. അതിലെ അതിവിശാലവും ശോഭനവുമായ അനേകം മണ്ഡപ



ങ്ങളിൽ ഒന്നായ ഭണ്ഡാരമണ്ഡപം സ്ത്രീകൾക്കായി പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ളതാണു്.

അവിടെ ഇന്നു വിനീതവും ഒഴിഞ്ഞതുമായ ഒരു കോണിൽ വിദേശിയും ദരിദ്രയും ക്ഷീണഗാത്രയുമായ ഒരു യുവതി ഒരു ശിശുവിനെ വഹിച്ചു ഏകാകിനിയായി നിലകൊള്ളുന്നു. അവളുടെ വസ്ത്രങ്ങൾ എളിയവയും അവളുടെ ബലിവസ്തു സാധുക്കളുടേതുമാണു്. ഏകാകിനിയെങ്കിലും അവൾ അസ്വസ്ഥയല്ല. വിദേശിയെങ്കിലും ചിരകാലപരിചയത്തിന്റെ ശാന്തത അവളിൽ കുടികൊള്ളുന്നുണ്ടു്. ദൈവാലയത്തിലെ അലങ്കാരങ്ങളോ മറ്റു ആരാധകരുടെ സാന്നിദ്ധ്യമോ അവളെ ആകർഷിക്കുന്നില്ല. സുപ്രസന്നവും മോഹനവുമായ അവളുടെ മുഖകമലത്തിൽ ലോലമായ ഒരു ശോകഛായ നിഴലിച്ചുകാണുന്നുണ്ടു്. അവൾ അതിമനോഹരിയെങ്കിലും ഗൗരവമതിയുമാണു്. അത്യഗാധമായ അനുകമ്പയും അപരിമിതമായ മാതൃസ്നേഹവും അവളുടെ മുഖത്തു തുളുമ്പുന്നുണ്ടു്. അവളുടെ നയനങ്ങൾ അവളുടെ ശിശുവിൽമാത്രം പതിഞ്ഞിരിക്കുന്നു. ഏകാഗ്രചിത്തയായി ഭക്തിപൂർവ്വകമായ ധ്യാനത്തിൽ അവൾ ലയിച്ചിരിക്കുന്നു. അവൾ സ്വശിശുവിനെ ആരാധിക്കുകയാണു്. തുടരെ വന്നുപോകുന്ന പുരോഹിതർ, മാന്യാരാധകർ, കുലീനരായ സ്ത്രീകൾ ഇവരെല്ലാം അവളെ അഗണ്യയാക്കി കടന്നുപോകുന്നു.

ദൈവാലയത്തിൽ ഒരു ചെറുവെമ്പൽ. പ്രധാനാചാര്യൻ അപ്രതീക്ഷിതമായി മുറ്റത്തു ആഗതനായി. യഥാവസരം സ്ഥാനത്തിനടുത്ത വസ്ത്രാഡംബരങ്ങളോടുകൂടി സഹപുരോഹിതന്മാരാൽ പരിസേവിതനായി ശിമയോൻ ഭണ്ഡാരമണ്ഡപത്തിൽ പ്രവേശിച്ചു. കീഴോട്ടിറങ്ങി ആ ദരിദ്രസ്ത്രീയെ അഭിവാദ്യം ചെയ്യുന്നു. ആകസ്മികമായ ഈ സംഭവം മിന്നൽപോലെ ദൈവാലയത്തിലും പരിസരങ്ങളിലും പ്രസരിച്ചു. ഒരു ചെറുസംഘം അവിടെ തടിച്ചുകൂടി.

ശിമയോൻ മുന്നോട്ടുവന്നു് മറിയത്തിന്റെ പക്കൽനിന്നു ശിശുവിനെ അത്യാദരവോടുകൂടി സ്വീകരിച്ചു. അപരിമിതമായ ഒരു സ്വർഗ്ഗീയാനന്ദം അയാളുടെ ഹൃദയത്തിൽ തടുത്തുകൂ

ടി. പിതാവിനെയും മാതാവിനെയും അനുഗ്രഹിച്ചശേഷം അദ്ദേഹം ധ്യാനനിരതനായി. പരിശുദ്ധാത്മാവു് അദ്ദേഹത്തിൽ പ്രവേശിച്ചു. വികാരഭരിതനായി ഉച്ചൈസ്വരാം അത്യന്തം വിസ്മയജനകമായ പ്രവചനങ്ങൾ അദ്ദേഹം ഉച്ചരിച്ചു.

അനുസ്മരണവിഷയം

"പലരുടെയും ഹൃദയവിചാരങ്ങൾ വെളിപ്പെട്ടുന്നതിനുവേണ്ടി നിന്റെ ഹൃദയത്തിൽ ഒരു കുന്തം പാഞ്ഞുകയറും."

ധ്യാനസംഗ്രഹം .

വേദപുസ്തകത്തിൽ വിവരിക്കുന്ന ശിമയോൻ മിശിഹാ ജനിച്ചകാലത്തു സാൻഹെദ്രീൻ സഭയുടെ അദ്ധ്യക്ഷനും മഹാപുരോഹിതനുമായിരുന്നു. തൽമൂദിൽ വിവരിക്കുന്ന ഹീലിയുടെ പുത്രൻ, റബ്ബാ ശിമയോൻ ഇദ്ദേഹംതന്നെയാണെന്നാണു് പലരും അഭിപ്രായപ്പെടുന്നതു്. യഹൂദസഭയുടെ പരമാധികാരം സാൻഹെദ്രീൻ പുരോഹിതസഭയ്ക്കായിരുന്നു. ഇന്നു നാം ദൈവാലയത്തിൽ ദർശിക്കുന്നതു യഹൂദസഭ അതിന്റെ പരമാദ്ധ്യക്ഷൻവഴി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന മഹനീയസംഭവമാണു്.

മിശിഹാ യഹൂദന്മാരുടെ പ്രത്യേക മഹത്വത്തിനായി അവതരിക്കുമെന്നു വാശ്ചാനം ഉണ്ടായിരുന്നു. അവരുടെ വേദാഗമങ്ങളുടെ പ്രധാന ഉള്ളടക്കംതന്നെ മിശിഹായെ സംബന്ധിച്ച പ്രവചനങ്ങളാണു്. അതുകൊണ്ടു യഹൂദസഭ മിശിഹായ്ക്കു സാക്ഷ്യം വഹിക്കേണ്ടതു ന്യായമായിരുന്നു. അതു അവരുടെ അവകാശംതന്നെയായിരുന്നു.

ധ്യാനം

മറിയം മൂന്നു വയസ്സുമുതൽ ആരംഭിച്ച ദേവാലയവാസം അവസാനിപ്പിച്ചിട്ടു് ഇപ്പോൾ ഏകദേശം ഒരു വർഷം തികഞ്ഞതേയുള്ളു. അതിനിടയ്ക്കു ബാഹ്യമായി അവളിൽ സംഭവിച്ച മാറ്റം വളരെ ദയനീയമായിരുന്നു. അന്നു അവൾ ദൈ

വാല്മയവാസികളുടെ വാത്സല്യനിധിയും അഭിമാനസ്തംഭവുമായിരുന്നു. നിരുപമമായ സൗന്ദര്യപുഷ്ടി, അതിനുൾക്കൃഷ്ടമായ സ്വഭാവവൈശിഷ്ട്യം, സുസ്ഥിരമായ പക്വബുദ്ധി, രാജകീയ കുലശ്രേഷ്ഠത ഇവകളാൽ അവൾ യുദായിൽ എവിടേയും പ്രസിദ്ധിനേടിയിരുന്നു. അവളുടെ അഭ്യുദയകാംക്ഷികൾ അവൾക്കു് ഭാവന ചെയ്യാത്തതായ ലോകൈശ്വര്യഭാഗ്യങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. യുദായിലെ പ്രശസ്തരും പ്രതാപവാന്മാരും പ്രഭുക്കന്മാരും അവളെ ധ്യാനിച്ചാരാധിച്ചിരുന്നു. സമ്പത്തും, സൗഭാഗ്യവും, പ്രതാപവും അവളുടെ കൈയിൽ അമന്നിരുന്നു. എന്നാൽ ഇന്നാ, ക്ഷീണിച്ചു അരിഷ്ടത അനുഭവിക്കുന്ന ഒരു ദരിദ്ര—നിസ്സഹായിനിയായ ഒരു മാതാവു്. അവളുടെ ഭർത്താവും അതിദരിദ്രനായ ഒരു തച്ചൻ.

അവളുടെ പൂർവ്വസഖികളിൽ ചിലരെല്ലാം ഇന്നും ആ ഒരേ വാല്മയത്തിൽ വസിക്കുന്നുണ്ടു്. ഇപ്പോൾ അവർ പരിചയം കൂടി നടിക്കുന്നില്ല. അവളുടെ സ്ഥിതി അത്രയ്ക്കു അധഃപതിച്ചുപോയി. ബാഹ്യലോകം അവളുടെ വിവേകമറ്റ വിവാഹത്തെപ്പറ്റി പരിഭവിക്കുന്നുണ്ടായിരിക്കാം. പരിചിതരുടെ മുമ്പിലുള്ള അധഃപതനം കൂടുതൽ മർമ്മഭേദകമാണു്. പക്ഷേ അവൾ ലജ്ജിക്കുന്നില്ല. ബാഹ്യലോകം അറിയാത്ത മറ്റൊരു അവസ്ഥാഭേദം അവളിൽ ഉണ്ടായിട്ടുണ്ടു്. ദാരിദ്ര്യക്ലേശങ്ങൾക്കുള്ളിൽ ദൈവം അവളെ അത്യുന്നതപ്രതാപത്തിൽ സ്ഥാപിച്ചു. മനുഷ്യജീവികൾക്കു് അപ്രാപ്യമായ ദിവ്യമാതൃസ്ഥാനമാണു് അവൾക്കു് ഈ ദുഃഖത്തിലും അധഃസ്ഥിതിയിലും കൈവന്നതു്. അവളെ ഇപ്പോൾ പരിസേവിക്കുന്നതു് ദൈവദൂതന്മാരാണു്. അവളുടെ സംഭാഷണം ദൈവവുമായിട്ടാണു്. അവളുടെ സഖികൾ വാനാരൂപികളത്രെ. അവളുടെ പുത്രൻ ഇസ്രായേലിന്റെ രക്ഷകനുമാകുന്നു. ഇതെല്ലാം അവളുടെ പരമരഹസ്യങ്ങളാണു്.

മനുഷ്യന്റെ അബദ്ധവിധികൾ!! ദൈവഹിതത്തിനു് പരിപൂർണ്ണവിധേയരായി ലോകൈശ്വര്യസുഖങ്ങൾ പരിത്യജിക്കുന്നവരെപ്പറ്റി ഇന്നും ലോകം അബദ്ധമായി വിധിയെഴുതുന്നു. ഔന്നത്യത്തിൽനിന്നു് അധോഗതിയിലേക്കും ഉ

ന്നതസ്ഥാനങ്ങളിൽനിന്നു് അധഃസ്ഥിതിയിലേക്കും നിപതിക്കുന്ന ഉത്തമന്മാരെപ്പറ്റിയും ലോകം മൗഢ്യമായി വിധിയെഴുന്നു.

ദൈവം തന്റെ പരമജ്ഞാനത്തിൽ, സമയാരംഭത്തിനു മുമ്പിൽതന്നെ പരിശുദ്ധ കന്യകയെ ദൈവമാതാവായി നിശ്ചയിച്ചതാണു്. എങ്കിലും ഈ മഹോന്നതസ്ഥാനം ദൈവാലയത്തിലെ ആനന്ദശയ്യയിൽ അവൾക്കു നൽകുന്നതിനു് അവിടുന്നു തിരുമനസ്സായില്ല. ഈ മഹനീയ സ്ഥാനത്തിൽ ആരോഹണം ചെയ്യിക്കുന്നതിനുമുമ്പിൽ അവിടുന്നു് അവളെ ദരിദ്രയാക്കി, പരതന്ത്രയാക്കി. ദൈനംദിനജീവിതത്തിലെ അരിഷ്ടതകൾ തുടരെ അവൾ സഹിക്കേണ്ടിവന്നു. ദൈവപരിപാലനയുടെ നിഗൂഢവും പരിശുദ്ധവുമായ മാർഗ്ഗം! പുൽക്കൂട്ടിലെ തത്പരാസ്യംതന്നെ!!

നമ്മുടെ മക്കളും സ്നേഹിതരുംമറ്റും ദൈവശുശ്രൂഷയ്ക്കായി ലോകൈശ്വര്യഭാഗ്യങ്ങളെ ത്യജിച്ചു സന്ന്യാസത്തിന്റെ ദാരിദ്ര്യം കൈവരിക്കുമ്പോൾ അവിവേകമെന്നു വിധിയെഴുതിനാം അതിനെ എതിർക്കുന്നില്ലേ? ദുഃഖമനുഭവിക്കുന്നവരും, ഉന്നതസ്ഥാനങ്ങളിൽനിന്നു് ധനനഷ്ടം, സ്ഥാനഭ്രംശം മുതലായവയാൽ അധഃസ്ഥിതിയിൽ വീഴുന്നവരും ദൈവപരിപാലനയിൽ ഉല്ലസിക്കുന്ന അനുഗ്രഹിതരായ വീരാത്മാക്കൾ ആകുന്നു എന്ന വസ്തുത മറന്നു്, അവരെ അപഹസിക്കുന്നതിനും അവരെ കുറപ്പെടുത്തുന്നതിനും അവരെ സഹായിക്കാതെ ഒഴിഞ്ഞുമാറുന്നതിനും ലോകം മടിക്കുന്നില്ല.

മറിയം മൂശയുടെ നിയമത്തിനു് വിധേയയായോ? പരിശുദ്ധയായ ആ മാതാവും പരിശുദ്ധനായ അവളുടെ പുത്രനും വീണ്ടും വിശുദ്ധീകരിക്കപ്പെടുകയോ? അവൾ ന്യായവാദം ചെയ്യുന്നില്ല. പ്രമാണം പൂർത്തിയാക്കപ്പെടേണ്ടതാണെന്നുമാത്രം അവൾ അറിയുന്നു. പ്രമാണം അനുസരിക്കുന്നതിനു് അവൾക്കു് അതു് മതിയായ കാരണവുമാണു്. അവൾ തന്റെ ദിവ്യശിശുവിനെ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുന്നു; അവളുടെ ദൈവവും കർത്താവുമായവനെ, അവളുടെ ദൈവവും കർത്താവുമായവനു്— ദൈവത്തെ ദൈവത്തിനു്. മനുഷ്യബുദ്ധിക്കതീതവും

അതീന്ദ്രിയവുമായ പരമരഹസ്യം—അതു് അവർക്കും പരിപൂർണ്ണമായി ഗ്രാഹ്യമായിരുന്നില്ല. എങ്കിലും അതുകൊണ്ടു് അവർ അതിനെ അവിശ്വസിച്ചില്ല.

എന്നാൽ മനുഷ്യന്റെ മൂഢമായ അഹങ്കാരം നോക്കുക. ബുദ്ധിക്കു് ഗ്രാഹ്യമാകുന്നില്ലെന്നുള്ള ഏകകാരണത്താൽ, സത്യമെന്നു് മറുവാദിത്തിൽ അറിയുന്ന, എത്രയെത്ര ദൈവരഹസ്യങ്ങളെ നാം വിശ്വസിക്കാതേയും അതിന്റെ അനുഷ്ഠാനം നിർവ്വഹിക്കാതേയും അലസരായി കഴിയുന്നു. നിയമത്തിന്റെ ആന്തരികോദ്ദേശ്യം ഗ്രാഹ്യമല്ലെന്നുള്ള കാരണത്താൽ എത്രയെത്ര നിയമങ്ങൾ നാം ലംഘിക്കുന്നു? വിശ്വസിക്കുന്നവനും, പ്രമാണം കാക്കുന്നവനും അനുഗ്രഹീതരാകുന്നു. മറിയം നിയമം നിർവ്വിഘ്നം അനുഷ്ഠിച്ചു. അവൾ അനുഗ്രഹീതയുമായി. യഹൂദസഭയുടെ ദൈവനിയുക്തനായ പരമാധ്യക്ഷൻ, അവളുടെ പുത്രൻ ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ ആണെന്നു് ദൈവാലയത്തിൽവച്ചു് പരസ്യമായി പ്രഖ്യാപനം ചെയ്തു. അങ്ങനെ അവളുടെ ദൈവമാതൃത്വം സംസ്ഥാപിതവുമായി.

മറിയം അവളുടെ ഏകപുത്രനെ ദൈവത്തിനു പ്രതിഷ്ഠിച്ചു. നമുക്കും നമ്മുടെ സന്താനങ്ങളെ ദൈവത്തിനു പ്രതിഷ്ഠിക്കാം. അതു അവരുടെ ഭൗതികൈശ്വര്യത്തിനു് വിഘാതമായിരിക്കാം. നമ്മുടെ ഹൃദയങ്ങളെ വേദനപ്പെടുത്തുമായിരിക്കാം. പക്ഷെ മറിയം ഉദാരമായി പ്രവർത്തിച്ചു. ഉദാരമായി പ്രവർത്തിക്കാതെ എങ്ങനെ അവളെ നാം അമ്മയെന്നു വിളിച്ചു പ്രാർത്ഥിക്കും.

അപ്പോൾ പരിശുദ്ധാത്മാവു സംപ്രീതനായി. ശിമയോന്റെ അധരങ്ങൾവഴി പ്രവചനങ്ങൾ പ്രവഹിച്ചു. "പലരുടേയും അധ:പതനത്തിനും ഉയർച്ചയ്ക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു, മനുഷ്യർ സ്വീകരിക്കുവാൻ വിസമ്മതിക്കുന്ന, ഒരു ചിഹ്നവുമായിരിക്കും ഇവൻ." മിശിഹായെ ഒന്നുകിൽ ആത്മാർത്ഥമായി സ്നേഹിച്ചു സേവിക്കണം; അല്ലെങ്കിൽ ദ്വേഷിച്ചു ദ്രോഹിക്കണം. മൂന്നാമതൊരു മാർഗ്ഗമില്ല. ഒരുത്തർക്കും മിശിഹായെ അഗണ്യമാക്കിമറന്നുകളയുവാൻ സാധ്യമല്ല. ക്രിസ്ത്യാനി നിരന്തരം യുദ്ധം

ചെയ്യേണ്ടവനാണു്. ക്രിസ്തുമതം എല്ലായ്പോഴും എതിർപ്പിനെ അഭിമുഖീകരിക്കണം. സമാധാനമായി അതിനെ വീക്ഷിപ്പാൻ ലോകത്തിനു് സാദ്ധ്യമല്ല. ഭക്തരാത്മാവേ, സഭ ഞെരുക്കപ്പെടുമ്പോഴും അവഹേളിക്കപ്പെടുമ്പോഴും നീ ഭയപ്പെടരുതു്. സഭയുടെ വിജയം ഭൗതികമല്ല. ഭൗതികമായ അതിന്റെ വിജയത്തിലോ സ്വാധീനബലത്തിലോ പ്രധാനമായി ആശ്രയിക്കുന്നവരും, അതിനായി കൂടുതൽ ശ്രമിക്കുന്നവരും പലപ്പോഴും ഇടുങ്ങിപ്പോകുന്നതിനും ചിലപ്പോൾ അതിൽ നിക്ഷിപ്തമായിരിക്കുന്ന പരമരക്ഷ നഷ്ടപ്പെടുത്തുന്നതിനും ഇടയായേക്കാവുന്നതാണു്.

നമ്മുടെ അനുദിന ജീവിതത്തിലെ ഒരു മഹാസിദ്ധാന്തവും ഇതിൽ പ്രകടമാക്കിയിരിക്കുന്നു. ഒന്നുകിൽ ക്രിസ്തുവനി എപ്പോഴും ക്രിസ്തുവിനോടുകൂടി അല്ലെങ്കിൽ ക്രിസ്തുവിനെതിരായി. മൂന്നാമതൊരു മനോഭാവം അവനു് അനുയോജ്യമല്ല. ഈ ബോധമാണു് ഇന്നു ക്രിസ്തുവനികളായ നമ്മിൽ നശിച്ചിരിക്കുന്നതു്. ക്രിസ്തുവിനു് വേണ്ടിയല്ലാതെയും എന്നാൽ ക്രിസ്തുവിനു് എതിരല്ലാതേയും ജീവിക്കാമെന്നു് മൂഢമായി നാം വിശ്വസിക്കുന്നു. നമ്മുടെ അനുദിന ജീവിതത്തിലെ ഒരു വലിയഭാഗം ക്രിസ്തുവിനു് ബന്ധമില്ലാത്തവിധം നാം ക്രമീകരിക്കുന്നു. നമ്മുടെ തൊഴിലിലും, കച്ചവടത്തിലും കൃഷിയിലും, വിദ്യാസമ്പാദനത്തിലും ധനാർജ്ജനസംരംഭങ്ങളിലും ഉല്ലാസത്തിലും സന്തോഷത്തിലും എന്നുവേണ്ട ജീവിതത്തിലെ മിക്കരംഗങ്ങളിലും ക്രിസ്തുവിനെ അവഗണിച്ചും ക്രിസ്തുവിനു് യാതൊരു ബന്ധമില്ലെന്നുള്ള അബദ്ധധാരണയിലും നാം ജീവിതം നയിക്കുന്നു. ക്രിസ്തുവിനോടുകൂടിയല്ലാത്തതെല്ലാം ക്രിസ്തുവിനെതിരാണു്. ഭക്തരാത്മാവേ, നീ ഗാഢമായി ചിന്തിക്കുക. ശിമയോൻ മറിയത്തെ അഭിസംബോധന ചെയ്തകാര്യം വീണ്ടും അനുസ്മരിച്ചുനോക്കൂ. "പലരുടെ ഹൃദയങ്ങളിലെ നീചവിചാരങ്ങളെ വെളിപ്പെടുത്തുന്നതിലേക്കായി നിന്റെ ഹൃദയത്തിൽ ഒരു കുന്തം കയറും."

ജന്മപാപത്തിന്റെ ഒരു പരിണതഫലം നമ്മുടെ ബുദ്ധിയുടെയും മനസ്സിന്റെയും അധഃപതനമാണു്. നാം നല്ലതെന്നു സ്വയം വിശ്വസിക്കുന്ന പലതും സാക്ഷാൽ ചീത്തയാ

ണ്ട്. നമ്മെ നന്മചെയ്യുവാൻ പ്രേരിപ്പിക്കുന്ന ആന്തരികോ
ദ്ദേശങ്ങൾ പലതും തിന്മയാണ്, അല്ലെങ്കിൽ വെറും ഭൗതി
കമാണ്. നാം പലപ്പോഴും ദൈവത്തെ അന്വേഷിക്കുന്നതു
ദൈവമഹത്വത്തിനായിട്ടല്ലാ. ദൈവംവഴി ധനം, സ്ഥാനം,
ലൗകികപ്രതാപം തുടങ്ങിയ ഭൗമികൈശ്വര്യങ്ങൾ സിദ്ധിക്കു
ന്നതിനാണ്. സാധാരണ പുണ്യവാന്മാർ എന്നു വിചാരി
ക്കപ്പെട്ടുന്നവർപോലും അവരുടെ നിഗൂഢഹൃദയത്തിൽ ലൌ
കികമായ പ്രതാപത്തെയും മഹിമയെയും മോഹിച്ചാണു പു
ണ്യാഭ്യാസങ്ങൾ ചെയ്യുന്നതു്.

പലപ്പോഴും നമ്മുടെ പ്രവൃത്തികളുടെ ന്യായാന്യായങ്ങ
ളെ നാം വിധിക്കുന്നതു ചിരപരിചയത്തിൽനിന്നു സിദ്ധി
ച്ചിട്ടുള്ളതും ശരിയാണെന്നു വിചാരിക്കുന്നതും തെറ്റാണെന്നു
സംശയിക്കാത്തതും എന്നാൽ വാസ്തവത്തിൽ വലിയ അധ
മമായിട്ടുള്ളതുമായ ലോകത്തിന്റെ മാനദണ്ഡം വച്ചുകൊണ്ടാ
ണു്. എങ്കിലും മനസ്സറിയാതെ ചെയ്യുന്ന പാപകൃത്യത്തി
ന്റെയും പരിണതഫലമായ ദുരിതം നാം അനുഭവിക്കണം.
ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന മഹാദുരിതങ്ങളുടെ കാര
ണങ്ങളിൽ കുറെയെങ്കിലും മനുഷ്യസമുദായം മനസ്സറിയാ
തെ ചെയ്തുപോരുന്നതും തലമുറ തലമുറയായി ചെയ്തുപോന്നി
രുന്നതുമായ അസംഖ്യം പാപങ്ങൾ കൂടിയാണ്.

തെറ്റായ ധർമ്മബോധത്തിൽനിന്നും ഹൃദയത്തിന്റെ
നിഗൂഢവ്യാമോഹത്തിൽനിന്നും വിമുക്തമാകാതെ രക്ഷക
ന്റെ ദിവ്യസന്ദേശം നമ്മുടെ ഹൃദയങ്ങളിൽ ശരിയായി പതി
യുന്നതിനോ പൂർണ്ണമായി ഫലം പുറപ്പെടുവിക്കുന്നതിനോ
സാദ്ധ്യമല്ല. നമ്മുടെ ഹൃദയത്തിന്റെ ഈ നിഗൂഢ വ്യാമോഹ
ത്തേയും തെറ്റായ ധർമ്മബോധത്തേയും സ്വയം പ്രകാശിപ്പിച്ചു
നമുക്കു ശരിയായ ആത്മപ്രകാശനം ലഭിച്ചുതരുന്നതിനു മാതാ
വിന്റെ വിമലഹൃദയം ആജീവനാന്തം ദുരന്തദുഃഖമനുഭവിച്ചു.
പുത്രന്റെ തിരുഹൃദയം തുറന്നു സമ്പാദിച്ചിരിക്കുന്ന ദൈവദാ
നങ്ങളും പ്രസാദവരങ്ങളും നമ്മുടെ ഹൃദയങ്ങളിൽ പ്രവേശിച്ചു
പ്രവർത്തികമാകാൻ യോഗ്യമായ ആത്മസ്ഥിതി മനുഷ്യഹൃദയ
ങ്ങളിൽ സൃഷ്ടിക്കുകയാണു മാതാവിന്റെ വിമലഹൃദയം പിളർ

ന്നു ദൈവം സാധിച്ചതു്. ഇതാണു് പുനരുദ്ധാരണകർമ്മത്തിൽ മറിയത്തിനെ ദൈവം ഭരമേല്പിച്ച ദിവ്യോദ്യോഗം.

മനുഷ്യവർഗ്ഗത്തിന്റെ തുടച്ചയായ പാപം ഹേതുവാൽ ഹൃദയകാഠിന്യം മൂഴുത്തു തഴമ്പിച്ചു്, പുത്രന്റെ ദിവ്യസന്ദേശം പ്രതിഫലിക്കുവാൻ പാടില്ലാത്തവിധം ആത്മീയ ബധിരതയിൽ സമുദായം ആണ്ടുപോകുമ്പോൾ, അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിപ്പാൻ വീണ്ടും വീണ്ടും മറിയം ലോകത്തിൽ പ്രത്യക്ഷപ്പെടുന്നതിന്റെ രഹസ്യം ഇതാണു്. ലൂർദ്ദിലും ഇപ്പോൾ ഫാത്തിമായിലും അവൾ അവളുടെ ദിവ്യോദ്യോഗം നിരന്തരമായിത്തുടർന്നു നിർവ്വഹിക്കുകയാണു്. മറിയത്തിന്റെ വിമലഹൃദയംവഴി പുത്രന്റെ തിരുഹൃദയത്തിലേക്കു് എന്നതു ദൈവവഴിയാണു്.

എന്റെ അമ്മേ, നിന്നെ ഞാൻ സ്നേഹിക്കുന്നു. മനുഷ്യാവതാരസന്ദർഭത്തിൽ നിന്റെ ജീവനെ നീ ഞങ്ങൾക്കുവേണ്ടി ബലികഴിച്ചു. ഇന്നു നീ ദൈവാലയത്തിൽവച്ചു് ഞങ്ങൾക്കു ആത്മീയപ്രകാശനം ഉണ്ടാകുന്നതിനു നിന്റെ വിമലഹൃദയവും ബലിഅർപ്പിച്ചു. എന്നാളും നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ.

മിശിഹായെ, മിശിഹായെപ്രതിമാത്രം അന്വേഷിക്കുന്നവരേയും ലൗകികാഭിവൃദ്ധിക്കായി തന്നെ സേവിക്കുന്നവരേയും തമ്മിൽ വിധിദിവസത്തിൽ അവിടുന്നു വേർതിരിക്കും. അപ്പോൾ യഹൂദക്കു് വന്നുഭവിച്ച ഭവിഷ്യത്തു നമുക്കും സംഭവിക്കാതെയിരിപ്പാൻ, ഭക്തരാത്മാവേ, ഇപ്പോൾ ഭയത്തോടും വിറയലോടുംകൂടി ആത്മശോധന ചെയ്യുക. ഈ ആത്മപരിശോധനയിൽ നമ്മുടെ ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന ലോകവ്യാമോഹം നീക്കി നമ്മുടെ തനിനിറം നമുക്കു പ്രകാശിപ്പിക്കുന്നതിനു് കൃത്തത്താൽ തുറക്കപ്പെട്ട വ്യാകുലമാതാവിനോടു് പ്രത്യേകം പ്രാർത്ഥിക്കാം.

ദുഃഖങ്ങൾ നീക്കുന്നതിനു് നാം വ്യാകുലമാതാവിനോടു പ്രാർത്ഥിക്കുന്നുണ്ടു്. പക്ഷെ ലൗകികദുരിതങ്ങൾ പലപ്പോഴും മനസ്സറിയാതേയും തഴക്കമായും ചിലപ്പോൾ പാപമാണെന്നു സംശയലേശം കൂടി ഇല്ലാതെയും ചെയ്യുവരുന്ന അനവധി പാപകൃത്യങ്ങളുടെ പരിണതഫലമാണെന്നു ചിന്തിക്കുക. ആ

പാപകൃത്യങ്ങളെ സ്വയം പ്രകാശിപ്പിച്ചതുമൂന്നതിനും അവയിൽനിന്നു് പരിശ്രമിച്ചു മുക്തിനേടുന്നതിനും നമ്മെയും സന്താനങ്ങളെയും പൂർണ്ണമായി വ്യാകുലമാതാവിനു സമർപ്പിക്കാം. അവിടുന്നു് അവിടുത്തെ ദിവ്യോദ്യോഗം നിർവ്വഹിച്ചുകൊള്ളും.

പ്രായോഗികചിന്തകൾ

1) നമ്മുടെ പുണ്യങ്ങളുടെ ആന്തരികപ്രചോദനം എന്താണു്?

2) നമ്മുടെ പ്രവൃത്തികളുടെ മാനദണ്ഡം ഏതാണു്? എല്ലാവരും അങ്ങനെ ചെയ്യുന്നു; അതുകൊണ്ടു ഞാനും ചെയ്യുന്നു എന്നതാണോ?

3) നാം പണം കൊണ്ടു ഇടപെടുന്നിടത്തെല്ലാം ക്രിസ്തീയപുണ്യത്തിന്റെ മാനദണ്ഡമാണോ നമുക്കു് പ്രകാശനം തരുന്നതു്? അതോ ലോകത്തിന്റെ സുകൃതമാനദണ്ഡമാണോ?

4) നമുക്കു് ദുഃഖം വരുമ്പോൾ നമ്മുടെ സ്വകാര്യപാപങ്ങളായിരിക്കാം അതിന്റെ കാരണമെന്നു ആലോചിച്ചു് അവ എന്താണെന്നു് കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നുണ്ടോ?

5) ദൈവത്തിനു നമ്മേയും സന്താനങ്ങളേയും വസ്തുവകകളേയും മുഴുവനായി സമർപ്പിച്ചു് നഷ്ടം സഹിക്കാൻ ധൈര്യമുണ്ടോ?

6) ദൈവത്തിനും സഭയ്ക്കും വേണ്ടി നഷ്ടം സഹിച്ചു എന്തു ത്യാഗം ചെയ്തിട്ടുണ്ടു്. ഇനി എന്തുചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ടു്?

7) അധഃസ്ഥിതിയിൽ പെട്ടവരെ ഉയർത്തുവാനും സഹായിപ്പാനും എന്തുചെയ്തിട്ടുണ്ടു്?

8) ദൈവാലയങ്ങളിൽ നാം എങ്ങനെ പെരുമാറുന്നു? നമ്മുടെ വിശ്വാസം സജീവമാണോ? സഭയുടെ കല്പനകളെയും ഉപദേശങ്ങളേയും ശരിയായി നിർവഹിക്കുന്നുണ്ടോ?

9) നമ്മുടെ പരസ്യജീവിതത്തിലെ എല്ലാപ്രവൃത്തികളിലും ക്രിസ്തീയ സാന്മാർഗ്ഗികതത്വങ്ങളാണോ മാനദണ്ഡം.

1 ആ. 10 ന. 1 ത്രി.

ഫാത്തിമാ ജപം (10-ാം പേജു് കാണുക.)

അഞ്ചാം രഹസ്യം

പരിശുദ്ധ ദൈവമാതാവു, തന്റെ ദിവ്യകുമാരനു് പന്ത്രണ്ടു വയസ്സു് ആയിരിക്കുമ്പോൾ മൂന്നുദിവസം അദ്ദേഹത്തെ കാണാതെ അന്വേഷിച്ചിട്ടു് മൂന്നാംനാൾ ദേവാലയത്തിൽവെച്ചു വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അദ്ദേഹത്തെ കണ്ടെത്തി എന്നു ധ്യാനിക്ക.

ധ്യാനസംഗതി

(വി. ലൂക്കാ അദ്ധ്യായം 2 വാക്യം 42 മുതൽ 52 വരെ)

മിശിഹായ്ക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നപ്പോൾ, തിരുനാൾ ദിവസത്തെ പതിവനുസരിച്ചു്, അവർ ഓർശ്ശലേമിലേക്കു പോയി; തിരുനാൾ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ വീട്ടിലേക്കു പുറപ്പെട്ടു. എന്നാൽ ബാലനായ ഈശോ ഓർശ്ശലേമിൽതന്നെ നിന്നു. ഇതു് അവിടുത്തെ മാതാപിതാക്കന്മാർ അറിഞ്ഞുമില്ല. അവിടുന്നു സഹയാത്രക്കാരോടുകൂടെ ഉണ്ടായിരിക്കുമെന്നു വിചാരിച്ചുകൊണ്ടു് അവർ ഒരു ദിവസത്തെ വഴി പോന്നു. അപ്പോളാണു് പരിചിതരുടെയും ചാർച്ചക്കാരുടെയും ഇടയിൽ അവനെ അന്വേഷിച്ചതു്. അവിടുത്തെ കാണാഞ്ഞതിനാൽ അവർ അന്വേഷിച്ചു് ഓർശ്ശലേമിലേക്കു തിരിച്ചുപോയി. മൂന്നു ദിവസം കഴിഞ്ഞു മാത്രമാണു് അവിടുത്തെ കണ്ടെത്തിയതു്. അവിടുന്നു് ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെമദ്ധ്യേ, അവരെ ശ്രവിച്ചുകൊണ്ടും അവരോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും ഇരുന്നു. അവിടുത്തെ ശ്രവിച്ചവരെല്ലാവരും അവിടുത്തെ ബുദ്ധിസാമർത്ഥ്യത്തേയും, അവിടുന്നു് നൽകിയ പ്രത്യുത്തരങ്ങളേയുംപറ്റി അത്ഭുതപരതന്ത്രരായിത്തീർന്നു. അവിടുത്തെ അവിടെ കണ്ടപ്പോൾ അവർ വിസ്മയിച്ചുപോയി. ഉടനെ അവിടുത്തെ മാതാവു ചോദിച്ചു: എന്റെ മകനെ! നീ എന്തുകൊണ്ടാണു് ഇപ്രകാരം ഞങ്ങളോടു് പ്രവർത്തിച്ചതു്? നിന്റെ പിതാവും ഞാനും നിന്നെ അന്വേഷിച്ചു് എത്ര ഹൃദയവേദന അനുഭവിച്ചുവെന്നു ചിന്തിക്കുക. അപ്പോൾ അവിടുന്നു അവരോടു് ചോദിച്ചു: നിങ്ങൾ എന്നെ അന്വേഷിക്കുവാൻ എന്താണു കാരണം? ഞാൻ എന്റെ പിതാവിന്റെ


സ്ഥലത്തായിരിക്കുന്നും എന്നുനിങ്ങൾക്കു അറിഞ്ഞുകൂടേ? അവിടുന്നുപറഞ്ഞ ഈ വാക്കുകൾ അവൾക്കു ദുർഗ്രഹമായിരുന്നു. എങ്കിലും അവിടുന്നു അവരോടുകൂടെ പുറപ്പെട്ട നസ്രത്തിലേക്കു പോയി, അവൾക്കു വിധേയനായി അവിടെ പാർത്തു. എന്നാൽ അവിടുത്തെ മാതാവു തന്റെ ഹൃദയത്തിൽ ഇവയെല്ലാം സൂക്ഷിച്ചിരുന്നു. ഈശോ പ്രായത്തിൽ എന്നപോലെ വിജ്ഞാനത്തിലും, ദൈവത്തിന്റെയും മനുഷ്യരുടേയും അടുക്കൽ നന്മയിലും വളർന്നു.

ഭാവന

ജരുസലേം ദൈവാലയത്തിൽ ആണ്ടുതോറും അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടിരുന്ന തിരുനാളാണു പെസഹാ. ഏഴു ദിവസം നീണ്ടുനില്ക്കുന്ന ഈ തിരുനാളിനു, ലോകത്തിൽ എവിടേയുമുള്ള യഹൂദന്മാർ ജരുസലേമിൽ സമ്മേളിക്കണമെന്നാണു യഹൂദാചാരം. ഈ അവസരത്തിൽ അവിടെ വന്നുകൂടുന്ന ജനം ഇരുപതു ലക്ഷത്തിൽപരമാണെങ്കിൽ പട്ടണത്തിലെ തിക്കും തിരക്കും ഊഹിച്ചുകൊള്ളുക.

യഹൂദദൈവാലയത്തിലെ ആരാധനക്രമങ്ങളിൽ വേദാദ്ധ്യാപനവും പഠനവും ഒരു പ്രധാനഭാഗമാണു. അതിനായി ബലിപീഠമണ്ഡപത്തോടു അനുബന്ധിച്ചു ഒരു പ്രധാന മണ്ഡപം തിരിച്ചുവെച്ചിട്ടുണ്ടാകും. മണ്ഡപത്തിന്റെ പുരോഭാഗം തറനിരപ്പിൽനിന്നു ഉയർത്തിപ്പണിതിരിക്കും. അതിന്റെമദ്ധ്യത്തിൽ പ്രസംഗപീഠവും വേദപുസ്തകച്ചുരുളുകൾ സംപൂജ്യമായി സൂക്ഷിക്കപ്പെട്ടുന്ന മനോഹരപേടകവും ഉണ്ടായിരിക്കും.

പെസഹാ മഹോത്സവത്തോടു സംബന്ധിച്ചു് ഏതാദൃശ വേദപഠനസദസ്സു് ഇന്നും ജരുസലേം ദൈവാലയത്തിൽ സമ്മേളിച്ചിട്ടുണ്ടു്. പ്രധാന ബലിപീഠത്തിനു തൊട്ടടുത്തുള്ള ബ്രഹ്മാണ്ഡവും അതിമനോജ്ഞവുമായ ഒരു മണ്ഡപമാണു് ഇതിനായി നിയോഗിച്ചിട്ടുള്ളതു്. മണ്ഡപത്തിന്റെ പുരോഭാഗത്തു ദന്തനിർമ്മിതവും കലാസുന്ദരവുമായ പ്രസംഗപീഠവും, അതിനടുത്തു ദന്തവടികളിൽ ചുറ്റിത്തൊടുത്തുവെച്ചിട്ടുള്ള വേദ



പുസ്തകച്ചുരുളുകൾ സൂക്ഷിക്കപ്പെട്ടുന്ന രത്നഖചിതമായ സുവർണ്ണ പേടകവും സ്ഥിതിചെയ്യുന്നു. പ്രസംഗപീഠത്തിനു ചുറ്റും നിലത്തു വിരിച്ചിട്ടുള്ള പട്ടുമെത്തകളിൽ വേദശാസ്ത്രികളും നിയമപണ്ഡിതന്മാരും തീർത്ഥകരിൽ ഗണനീയന്മാരായ വൃക്തികളും ഉപവിഷ്ടരായിരിക്കുന്നു.

ഇവരെ ശ്രദ്ധിക്കുന്നതിനു ക്ഷേത്രരായ ഒരു വലിയ ജനാവലി മണ്ഡപത്തിൽ തടിച്ചുകൂടിയിട്ടുണ്ട്. സമ്മേളിതരായ ശ്രോതാക്കളിൽ ആക്കം സംശയങ്ങൾ ചോദിപ്പാനും അഭിപ്രായം പ്രകടിപ്പിക്കുവാനും ഈ സദസ്സിൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

അവസരത്തിന്റെ പ്രാധാന്യവും തീർത്ഥകരുടെ ബാഹുല്യതയുംകൊണ്ട് ഇന്നത്തെ സദസ്സിൽ യൂദായിലെ ഗണനീയന്മാരായ എല്ലാ പണ്ഡിതപ്രമുഖരും പുരോഹിതമുഖ്യരും ഹാജരായിട്ടുണ്ട്. തന്റെ അഗാധപാണ്ഡിത്യത്താലും വൃക്തിപ്രഭാവത്താലും യൂദായിൽ സുസമ്മതനും പ്രതാപവാനുമായി ശോഭിച്ചിരുന്ന വയോവൃദ്ധനായ ഹല്ലിയേൽ ഇന്നു് ഇവിടെ ഒരു പ്രധാനസ്ഥാനത്തു് ഉപവിഷ്ടനായിട്ടുണ്ട്. ഇദ്ദേഹത്തിനു് എതിരായി തന്റെ പ്രതിയോഗിയും സദുച്ചയരുടെ അക്കാലത്തെ നേതാവുമായിരുന്ന ഷാമ്മീയേലും ഈ സമ്മേളനത്തിൽ ഹാജരായിട്ടുണ്ട്. പിൽകാലത്തു മിശിഹായുടെ ശവസംസ്കാരകർമ്മത്തിൽ സഹകരിപ്പാനുള്ള അമൂല്യഭാഗ്യം സിദ്ധിച്ച അരിമത്തിയായിലെ ജോസഫും മിശിഹായുടെ രഹസ്യശിഷ്യനായിത്തീർന്ന ഭീരുവായ് നിക്കോദിമൂസ്സും ഈ സദസ്സിൽ ഹാജരുണ്ടായിരുന്നിരിക്കണം.

ഈ മഹാസദസ്സിലാണു് ബാലനായ മിശിഹാ നിസ്സങ്കോചം വാദപ്രതിവാദം നടത്തുന്നതു്.

പ്രായം വെറും പന്ത്രണ്ടുവയസ്സു്; തികഞ്ഞുവഴിഞ്ഞൊഴുകുന്ന ബാല്യസൌന്ദര്യം; ഓജസ്സു് തിളങ്ങിത്തുളുമ്പുന്ന മുഖകാന്തി; വിശാലമായ നെറ്റിത്തടം; നീണ്ടു നിവർന്ന മൂക്കു്; അനുകമ്പയും ഗൗരവവും കലർന്ന കൃഷ്ണകൺ; രണ്ടായി പകുത്തു്, പുറകോട്ടു ചീകി, വേദവാക്യങ്ങൾ ലിഖിതം ചെയ്തി

ട്ടുള്ള വെളുത്ത പീത്തയാൽ ഒതുക്കി കെട്ടിവെച്ചിരിക്കുന്നതും കഴുത്തോളം വളർന്ന മുമ്മന്ന മുരുണ്ട തിളങ്ങി പ്രകാശിക്കുന്നതുമായ തലമുടി; സാധാരണ യഹൂദബാലന്മാരുടേതുപോലുള്ള വസ്ത്രധാരണം; ഒരു വെളുത്ത മേലങ്കിയും തുകൽകൊണ്ടുള്ള ഒരു അരക്കെട്ടും.

ഈ ബാലപ്രവാചകന്റെ വിസ്മയനീയമായ ആത്മപ്രഭാവവും അഗാധവേദജ്ഞാനവും നവീനവും വിപ്ലവാത്മകവുമായ വ്യാഖ്യാനങ്ങളും മണ്ഡപം കവിഞ്ഞൊഴുകുന്ന ബഹുസഹസ്രം ശ്രോതാക്കളെ അത്ഭുതപരതന്ത്രരാക്കുന്നു.

വേദശാസ്ത്രികളിൽ പലരും ബാലനിൽ ആദ്യം ജിജ്ഞാസയും താല്പര്യവും കാണിച്ചു. എങ്കിലും മിശിഹായുടെ ആശയങ്ങൾ രൂപമെടുത്തപ്പോൾ അവ ജനങ്ങളുടെ ഇടയിലുള്ള അവരുടെ സ്വാധീനത്തെ ദുർബലപ്പെടുത്തിയേക്കാവുന്നതാണെന്നു അവർ സംശയിച്ചു തുടങ്ങി. അതോടുകൂടി തോൽവിയുടെ അമർഷവും അസൂയയുടെ വൈരവും അവരിൽ കുറ്റിപ്പുല്ലു മുളച്ചു തുടങ്ങി. പിന്നീട് മിശിഹായുടെ പരസ്യജീവിതദശയിൽ ഇവർ പ്രദർശിപ്പിച്ച് നാരകീയ വൈരത്തിന്റെ ബീജാങ്കുരങ്ങൾ മുളച്ചതു ഇവിടെവെച്ചായിരിക്കണം.

ഈ പ്രക്ഷുബ്ധാന്തരീക്ഷത്തിലാണ മറിയം തന്റെ പുത്രനെ കണ്ടുമുട്ടുന്നതും സ്വഭവനത്തിലേക്കു തിരികെ കൂട്ടിക്കൊണ്ടുപോകുന്നതും.

അനുസ്മരണാവിഷയം

ഞാൻ പിതാവിന്റെ ജോലിയിൽ വ്യാപൃതനായിരിക്കേണ്ടവനാണെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടേ?

ധ്യാനസംഗ്രഹം

മിശിഹാ പന്ത്രണ്ടു വയസ്സുവരെ തന്റെ ദിവ്യത്വം യാതൊരുവിധത്തിലും പ്രദർശിപ്പിക്കാതെ സാധാരണ ശിശുക്കളെപ്പോലെതന്നെ ബുദ്ധിയിലും ശരീരത്തിലും ക്രമേണ വളർന്നുപോന്നു. ഇന്നു ഇദംപ്രഥമമായി അവിടുന്നു തന്റെ ദിവ്യത്വം പ്രകാശിപ്പിക്കുന്നു. ഈ സ്മരണീയഘട്ടത്തിൽ അവിടു

ത്തെ ദിവ്യോദ്യോഗത്തിന്റെ ഏകദേശസ്വഭാവവും പ്രദർശിപ്പിക്കുന്നു. ഇസ്രായേൽ പ്രതീക്ഷിക്കുന്ന ദിവ്യഗുരു താനാണെന്നും എല്ലാവക്കും തന്റെ ദിവ്യസന്ദേശം സ്വീകരിക്കുന്നതിനും വഹിക്കുന്നതിനുമുള്ള കടമയുണ്ടെന്നും പ്രസ്പഷ്ടമാക്കി.

ധ്യാനം

യഹൂദമതാചാരപ്രകാരം പുരുഷപ്രായപൂർത്തിവന്ന എല്ലാ യഹൂദന്മാരും ജരുസലേം ദൈവാലയത്തിൽവന്നു പെസഹാതിരുനാളിൽ സംബന്ധിക്കണമെന്നതു നിർബന്ധനിയമമായിരുന്നു. മിശിഹായ്ക്കു 12 വയസ്സായതോടുകൂടി അവിടുന്നും നിയമത്തിനു വിധേയനായി. സ്ത്രീകളെ ഈ നിയമം ബാധിക്കുകയില്ലെങ്കിലും ദരിദ്രരായ ആ കുടുംബം ഒരുമിച്ചുതന്നെ യാത്ര ചെയ്തു.

ജരുസലേമിലേക്കു നസ്സറസ്സിൽനിന്നു നാലു ദിവസത്തെ യാത്രാദൂരം ഉണ്ടായിരുന്നു. അക്കാലത്തു ഈ യാത്ര വളരെ ദുർഘടതരവും ആപൽക്കരവുമായിരുന്നു. പ്രത്യേകിച്ചു ഗലീലക്കാക്കു അവരുടെ ശത്രുരാജ്യമായ സമരിയാ കടന്നുപോകേണ്ടിയുമിരുന്നു. പെരുന്നാൾ ദിവസങ്ങളിൽ ജരുസലേമിലെ ജനബാഹുല്യം ഊഹാതീതമായിരുന്നു. പട്ടണത്തിൽ അന്നു 20 ലക്ഷത്തിനും 30 ലക്ഷത്തിനുമദ്ധ്യേയുള്ള ഒരു മഹാപുരുഷാരം കൂടുമെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ നിലയ്ക്കു പട്ടണത്തിൽ താമസിക്കുന്നതിനു സാധാരണക്കാക്കു യാതൊരു സൗകര്യവും ഉണ്ടാകയില്ലല്ലൊ.

പട്ടണത്തിൽനിന്നു് ഏകദേശം ഒരു ദിവസത്തെ വഴിയകലെ ബീറത്തു എന്ന ഒരു ഗ്രാമം സ്ഥിതിചെയ്യുന്നു. ഇവിടെ വിശാലമായ മൈതാനങ്ങളും ശുദ്ധജലമുള്ള അരുവികളും ഉണ്ടു്. ഇവിടെയാണു് ഗലീലക്കാരായ തീർത്ഥകർ പാളയം അടിച്ചു താമസിക്കാറുള്ളതു്. ഇവിടെവെച്ചാണു് മറിയം അവളുടെ പുത്രനെ കാണാതെ അന്വേഷണം തുടങ്ങിയതും, അവിടുന്നു തീർത്ഥകരുടെകൂടെ പട്ടണത്തിൽനിന്നു മടങ്ങിയില്ലെന്നു മനസ്സിലാക്കിയതും.

അക്കാലത്തു യൂദയാ രാജ്യത്തു അരാജകത്വം നടമാടിയിരുന്നു. ദുഷ്ടനായ അക്ലൊവുസ് രാജ്യഭ്രഷ്ടനായിട്ടു അധികം

നാളായിട്ടില്ലായിരുന്നു. അതിനെത്തുടർന്നുള്ള ലഹളകളും എതിർപ്പുകളുംകൊണ്ടു രാജ്യം മുഴുവനും കലങ്ങി മറിഞ്ഞിരുന്നു. ജീവനും സ്വത്തും ഒരിടത്തും സുരക്ഷിതമല്ലായിരുന്നു. മാത്രമല്ല ഗലീലാക്കാർ ഇവിടെ വിദേശികളുമായിരുന്നു.

ഇക്കാരണങ്ങളാൽ മറിയത്തിന്റെയും യൌസേപ്പിന്റെയും വ്യസനവും ഭീതിയും അസാധാരണമായിരുന്നു. ശിമയോന്റെ പ്രവചനം അവർക്കും പുത്രനും ഉണ്ടാകുന്ന ഏതു ആപത്തുകളും ഭയങ്കരങ്ങളാക്കുകയും ചെയ്തു. വിശ്രമരഹിതരായി അവർ പുത്രനെ അന്വേഷിച്ചു ഒടുവിൽ ജരുസലേമിലേക്കു തന്നെ തിരിച്ചു.

20 വർഷം ജനങ്ങൾ തിങ്ങി, വന്നും പോയും കൊണ്ടിരുന്ന തിരക്കിൽ ഈ സാധുക്കളും വിദേശിയരുമായ ദമ്പതിമാർ എങ്ങനെ അവരുടെ കൊച്ചുമകനെ തേടിപ്പിടിക്കും? തീർത്ഥകർ പലസംഘങ്ങളായി പട്ടണത്തിൽനിന്നു പലവഴിക്കും പുറപ്പെട്ടിരിക്കണം. പലരും വളരെ അകലെ താവളമുറപ്പിച്ചിരിക്കുന്നവരായിരിക്കാം. ദീർഘങ്ങൾ കഴിയുന്തോറും മറിയത്തിന്റെയും യൌസേപ്പിന്റെയും ഭീതി വർദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും ഒരു മാതാവിന്റെ ഹൃദയം പുത്രാന്വേഷണത്തിൽ ഒരിക്കലും നിരാശപ്പെടാറില്ല. അതു മാത്രമാണു അവരെ വിശ്രമരഹിതരായി ബാലനെ അന്വേഷിപ്പാൻ ശക്തമാക്കിയതും.

നമുക്കും പലപ്പോഴും നമ്മുടെ കർത്താവിനെ നഷ്ടപ്പെടാറുണ്ടു. ജാഗ്രതയായി അപ്പോൾ നമുക്കും അവിടുത്തെ അന്വേഷിക്കാം. ഒരു മാതൃഹൃദയം വിശ്രമരഹിതമായി രാത്രിയിലെ അന്ധകാരത്തിലും ബഹുജനങ്ങളുടെ തിരക്കിലുംകൂടി നമ്മളെ തിരക്കി അന്വേഷിച്ചു പുറപ്പെട്ടിട്ടുണ്ടെന്നുള്ള സുദൃഢമായ വിശ്വാസം അപ്പോൾ നമ്മെ ആശ്വസിപ്പിക്കും. നിരാശപ്പെടാതെ കർത്താവിനെ വീണ്ടും പ്രാപിക്കുന്നതുവരെ നിരന്തരം പരിശ്രമിക്കുന്നതിനുള്ള സ്ഥൈര്യവും പ്രചോദനവും ആ വിശ്വാസം നമുക്കു പ്രദാനംചെയ്യും.

ഈ സമയമെല്ലാം ബാലനായ മിശിഹാ എന്തുചെയ്യുകയായിരുന്നു? അവിടുത്തേക്കു ആകസ്മികമായി വഴിതെറ്റി

യതോ, കൗതുകംകൊണ്ടു അവിടുന്നു ദൈവാലയത്തിൽ താമസിച്ചതോ അല്ലാ. യഹൂദചരിത്രത്തിലും മതത്തിലും പെസഹാ തിരുനാൾ അതിപ്രധാനമായ ഒന്നായിരുന്നു. അതിന്റെ സ്ഥാപനവും അതിനോടനുബന്ധിച്ചുള്ള ബലികളും അനുഷ്ഠാനങ്ങളും മിശിഹായുടെ ആഗമനത്തെ ലക്ഷീകരിക്കുന്നതും തന്റെയും തന്റെ ദൗത്യത്തിന്റെയും പ്രതിഛായകളുമായിരുന്നു. ഏതെങ്കിലും ഒരു പെസഹാ തിരുനാളിൽ തന്നെ മിശിഹാ പ്രത്യക്ഷപ്പെടുമെന്നുകൂടി അവരിൽ പലരും പ്രബലമായി വിശ്വസിച്ചിരുന്നു.

ഇങ്ങനെ ചിരകാലപ്രതീക്ഷിതനായ മിശിഹാ തന്റെ പ്രതിഛായകളെ സാക്ഷാത്കരിച്ച ഒരു പെസഹാദിവസം തന്നെ ദൈവാലയത്തിൽ പ്രത്യക്ഷനായതു ഒരു യാദൃശ്ചിക സംഭവമായിരിക്കുമോ? അല്ല അവരുടെ വേദശാസ്ത്രജ്ഞന്മാരും പുരോഹിതന്മാരും സമ്മേളിച്ചിരുന്ന ഒരു മഹാസദസ്സിൽ—അവർ അവിടുത്തെപ്പറ്റിയുള്ള പ്രവചനങ്ങളും വാഗ്ദാനങ്ങളും പഠിച്ചും പഠിപ്പിച്ചും കൊണ്ടിരിക്കുന്ന അവസരത്തിൽ—യഹൂദജനം മുഴുവൻ കർത്താവിനെ പ്രതീക്ഷിച്ചു ഏഴു ദിവസത്തേക്കു നടത്തുന്ന പ്രാർത്ഥനകളുടെയും ബലികളുടെയും അവസാനദിവസത്തിൽ.

എങ്കിലും അവർ അവിടുത്തെ സ്വീകരിച്ചില്ലാ. മൂന്നു ദിവസംകഴിഞ്ഞു അവിടുന്നു അവരുടെ മദ്ധ്യത്തിൽനിന്നു അപ്രത്യക്ഷനായി. ഇനി പരസ്യജീവിതമാരംഭിക്കുന്നതുവരെ അവിടുന്നു അവർക്കു പ്രത്യക്ഷനാകയുമില്ല. പക്ഷേ അന്നു യഹൂദന്മാർക്കു മാത്രമായിട്ടല്ലാ പുറജാതികൾക്കുകൂടിയായിരിക്കും അവിടുന്നു പ്രത്യക്ഷപ്പെട്ടന്നതു്. ഇന്നു അങ്ങെ ധിക്കരിച്ച ജനം അന്നും അദ്ദേഹത്തെ ധിക്കരിക്കും. യഹൂദന്മാർ സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുപോയി. ദ്രവ്യാഗ്രഹത്തിലും ഭൗതികപ്രതാപത്തിലും, ലൗകികാനന്ദത്തിലും വ്യാപൃതരായി അവർ മിശിഹായെ അന്വേഷിച്ചു. അതുകൊണ്ടു അവിടുന്നു പ്രത്യക്ഷനായപ്പോൾ അവർ അവിടുത്തെ അറിഞ്ഞില്ല.

ഭക്താത്മാവേ, ഇന്നു ചിലപ്പോൾ നിനക്കു ശക്തിയുള്ളതും പരിശുദ്ധമായതുമായ ദിവ്യപ്രചോദനങ്ങൾ ഉണ്ടാകാറില്ലേ? അവ ചിലപ്പോൾ നിന്നെ ശക്തിയായി—മൂന്നുദിവസം

—പുണ്യാഭ്യസനത്തിനായി—വലുതായ ത്യാഗത്തിനായി —നിന്നെ ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുവാനായി— പ്രേരിപ്പിക്കുന്നുണ്ടാവാം. പക്ഷെ പാപത്തിൽ നീ ജീവിക്കുന്നവെങ്കിൽ, ഭൌതികപ്രതാപങ്ങളുടെ ആഗ്രഹത്തിൽ നീ ആവൃതനാണെങ്കിൽ, ആ ദിവ്യക്ഷണം നീ കേൾക്കുകയോ, കേട്ടാൽതന്നെ സ്വീകരിക്കുകയോ ചെയ്യുവാൻ നിനക്കു സാദ്ധ്യമാകയില്ല. ഒരിക്കൽ ഈ ദിവ്യക്ഷണം നീ നിരസിച്ചാൽ പിന്നീടു ആ ക്ഷണം നിനക്കു ലഭിക്കുമെന്നു് എങ്ങനെ വിശ്വസിക്കാം? ലൌകികദുരാഗ്രഹങ്ങളുടെ ഇടയിൽ, അതോടുകൂടിയുള്ളതായ, നമ്മുടെ പ്രാർത്ഥനകൾ, നൊവേനകൾ, ധർമ്മം ഇവയൊന്നും നമുക്കു സാക്ഷാൽ പ്രയോജനപ്പെടുമോ എന്നു ആത്മശോധനചെയ്തു ചിന്തിക്കാം.

അതുകൊണ്ടു നമ്മുടെ ഹൃദയങ്ങളെ ദുരാഗ്രഹങ്ങളിൽനിന്നു ശുദ്ധീകരിക്കാം. ലൌകികവ്യാമോഹങ്ങളെ അതിൽ നിന്നകറ്റുവാൻ നമുക്കു ശ്രമിക്കാം, ദാരിദ്ര്യത്തെയും കുരിശിനെയും നമുക്കു സ്നേഹിക്കാം. അതിനുശേഷം മിശിഹായുടെ ക്ഷണം കാത്തുകൊണ്ടു നമുക്കു ജീവിക്കാം.

മറിയവും യൌസേപ്പും മൂന്നു ദിവസത്തിനുശേഷം അവരുടെ കുമാരൻ ദൈവാലയത്തിൽ ശാസ്ത്രികളുമായി തർക്കത്തിലേർപ്പെട്ടിരിക്കുന്നതായി കണ്ടു. അവർ ആഹ്ലാദഭരിതരായി. പക്ഷേ അതു പരിപൂർണ്ണമായിരുന്നോ? ശാസ്ത്രികളുടെയും പുരോഹിതന്മാരുടെയും ഹൃദയത്തിൽ പ്രത്യക്ഷമായ അസൂയയും വൈരവും ആ അമ്മ ഒരു നോട്ടത്തിനു മനസ്സിലാക്കി. ജനാവലിയുടെ ഉന്മേഷജനകമായ ക്ഷോഭത്തെയും അവർ ഉടനെ മനസ്സിലാക്കിയിരിക്കണം. അവർക്കു അവരുടെ പുത്രനുമായി ഉടൻ ജറുസലം വിടണമെന്നു ആവേശമുണ്ടായി.

അവർ കുമാരന്റെ നേരെതിരിഞ്ഞു പരിഭവിച്ചു: "എന്റെ മകനെ, നീ എന്തുകൊണ്ടു ഞങ്ങളോടിപ്രകാരം ചെയ്തു." മിശിഹാ ശാന്തമായി പ്രത്യുത്തരിച്ചു. "നിങ്ങൾ എന്തുകൊണ്ടു എന്നെ അന്വേഷിച്ചു. ഞാൻ എന്റെ പിതാവിന്റെ ജോലിയിൽ വ്യാപൃതനായിരിക്കേണ്ടതാണെന്നു നിങ്ങൾ അറിഞ്ഞിട്ടില്ലയോ."

അവിടുത്തെ തിരുവായ് ഉരുവിച്ചതായി രേഖ

പ്പെട്ടത്തപ്പെട്ടിട്ടുള്ള ആദ്യവചനങ്ങൾ!! തന്റെ പ്രഥമദിവ്യസന്ദേശം: എല്ലാ നല്ലമക്കളുടേയും പ്രഥമവും ഏകവുമായ കടമ. അവിടുന്നു പിന്നീടു ഒരേഒരു പ്രാർത്ഥനമാത്രം പഠിപ്പിച്ചു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, നിന്റെ രാജ്യം വരണം." പിതാവിന്റെ മക്കളായ ക്രിസ്ത്യാനികൾക്കു ഒരേഒരു ജോലിമാത്രമുണ്ടു്. പിതാവിന്റെ ജോലിയിൽ വ്യാപൃതരായിരിക്കുകയെന്നതാണതു്.

ഭക്തരാത്മാവേ, നീ ഗാഢമായി ചിന്തിക്ക. നീ നിന്റെ പിതാവിന്റെ ജോലിയിൽ വ്യാപൃതനാണോ? നിന്റെ പിതാവിനു് ഇന്നു റഷ്യയിൽ ജോലിയുണ്ടോയെന്നു്? നമ്മുടെ മാതൃരാജ്യമായ ഭാരതത്തിൽ നമ്മുടെ പിതാവിനു ജോലിയുണ്ടോയെന്നു്? നമ്മുടെ കുടുംബത്തിലും സ്നേഹിതന്മാരുടെയിടയിലും പിതാവിനു ജോലിയുണ്ടോയെന്നു്? ആ ജോലിയിൽ നീ വ്യാപൃതനാണോയെന്നു്? അതല്ലെങ്കിൽ നീ പിതാവിന്റെ മകനാണോയെന്നു്?

മിശിഹാ ഈ സമയത്തു ഒരു മഹാസദസ്സിൽ തന്റെ അവകാശസ്ഥാപനത്തിനായി വാദിച്ചുകൊണ്ടിരുന്നു. അതു പൂർണ്ണമായോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിലും തന്റെ മാതാവിന്റെയും പിതാവിന്റെയും അഭിലാഷം മനസ്സിലാക്കി ഉടൻ നസറസിലേക്കു പുറപ്പെട്ടു. ദൈവരാജ്യം പരത്തുന്നതിനുള്ള സുഗമമായ മാർഗ്ഗം, അനുസരണമാകുന്നു. സ്രഷ്ടാവായ ദൈവം സൃഷ്ടിയ്ക്കു വിധേയനായി അനുസരിക്കുന്ന അത്യത്ഭുതവൃത്താന്തം. വെറും ഒരു സൃഷ്ടിയായ ആദിപിതാവു സ്രഷ്ടാവിന്റെ കല്പന ലംഘിച്ചു ശാപവും മരണവും വരുത്തിവെച്ചു. സ്രഷ്ടാവായ മിശിഹായാകട്ടെ സൃഷ്ടിയെ അനുസരിച്ചു ശാപമോക്ഷവും ഉയിർപ്പും നമുക്കു നൽകി. അത്യത്ഭുതമായ അനുസരണമേ, നിനക്കു് എന്നും സ്വാഗതം.

മറിയമേ, സ്രഷ്ടാവായ ദൈവം നിന്നെ അനുസരിച്ചു ജീവിച്ചു. എനിക്കു അനുസരണമെന്ന പുണ്യവും, പിതാവിന്റെ ജോലിയിൽ മുഴുവനായി വ്യാപൃതനായിരിപ്പാനുള്ള ധൈര്യവും പ്രസാദവരവും നിന്റെ ദിവ്യപുത്രനോടു അപേക്ഷിച്ചു വാങ്ങിത്തരേണമെ.

പ്രായോഗിക ചിന്തകൾ

1) ദിവ്യപ്രചോദനങ്ങൾ എനിക്കു ഉണ്ടാകുന്നുണ്ടോ? അവയെ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ? പ്രവൃത്തിയിൽ വരുത്തുവാൻ ശ്രമിക്കുന്നുണ്ടോ? അധൈര്യംകൊണ്ടോ, മടികൊണ്ടോ, ലോകവ്യാമോഹങ്ങൾകൊണ്ടോ, നന്മകൾ ചെയ്യുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നുണ്ടോ?

2) ലോകവ്യാമോഹങ്ങളിൽപെട്ട ദിവ്യപ്രചോദനങ്ങൾ ഞാൻ തള്ളിക്കളഞ്ഞിട്ടുണ്ടോ? അനൃക്കു് ഇപ്രകാരം ദിവ്യപ്രചോദനങ്ങൾ ഉണ്ടാകുന്നെങ്കിൽ അവയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? അതോ മടികൊണ്ടോ, നിന്ദനംകൊണ്ടോ അവരെ തടഞ്ഞിട്ടുണ്ടോ?

3) ദൈവരാജ്യം പരത്തുന്നതിനു എന്നാൽ കഴിവുള്ളതു എല്ലാം ഞാൻ ചെയ്യുന്നുണ്ടോ. തിരുസഭയുടെ അവകാശസംരക്ഷണത്തിനു എന്തു ത്യാഗം ചെയ്തിട്ടുണ്ടു്?

4) ബാലനായ മിശിഹാ, പിതാവിനെയും മാതാവിനെയും ഉപേക്ഷിച്ചു പിതാവിന്റെ ജോലിയിൽ പൂർണ്ണമായി വ്യാപൃതനായിരുന്നു. ഞാനോ പിതാവിന്റെ ജോലിക്കായി അതുപോലെയുള്ള ത്യാഗം സഹിക്കാൻ സന്നദ്ധനാണോ?

5) ദൈവരാജ്യം പരത്തുന്നതിനും തിരുസഭയുടെ വളർച്ചയ്ക്കുമായി ഞാൻ എന്റെ സ്വത്തിൽ എന്തു ചിലവഴിച്ചിട്ടുണ്ടു്. സഭയുടെ ജോലി സാധുക്കളുടെയും ബുദ്ധിമുട്ടുന്നവരുടേയും വേലക്കാരുടേയും ഇടയിൽ ആകുന്നുവെന്നു ഓർമ്മിക്കുക.

6) ദൈവം എന്നെ തന്റെ ജോലിക്കു പൂർണ്ണമായി വിളിക്കുന്നുണ്ടോ? ആ ദിവ്യവിളി വരുമ്പോൾ അതു ശ്രദ്ധിക്കുന്നതിനു പരിശുദ്ധനായി ജീവിക്കുന്നുണ്ടോ?

7) എനിക്കു അനുസരണം എന്ന സദ്ഗുണ പുണ്യം ഉണ്ടോ? അനുസരണമില്ലായ്മയാണു ലോകത്തിലെ സകല ദുരിതങ്ങളുടെയും മരണത്തിന്റെയും കാരണമെന്നാലോചിച്ചു മനസ്സിലാക്കിയിട്ടുണ്ടോ?

1 ആ. 10 ന. 1 ത്രി.

ഫാത്തിമാ ജപം (10 ാം പേജ് കാണുക.)

(കവർ 4-ാം പേജ് തുടർച്ച)

29.	സുവിശേഷങ്ങൾ	...	2	10	0
30.	നാളാഗമം & എസ്ത്രാസ്	...	1	8	0
31.	ആചാര്യന്മാർ & സംഖ്യാഗമം	...	1	8	0
32.	സ്വാതന്ത്ര്യത്തിലേക്ക്	...	1	14	0
	(മോൺ. ഫുൾട്ടൻ ജെ. ഷീൻറെ Freedom Under God എന്ന ഗ്രന്ഥത്തിൻറെ പരിഭാഷ)				
33.	വിപ്ലവത്തിൻറെ വെന്നിക്കൊടി	...	1	6	0

വി. പി. ആയി അയക്കുന്നതായിരിക്കും

മാസികകൾ

ലീഗ്, കത്തോലിക്കാകുടുംബം, പ്രേഷിതകേരളം

വരിസംഖ്യാവിവരം

അഞ്ചൽ	ലീഗ് ഒരു പ്രതിക്ക് ആണ്ടിൽ മുൻകൂർ	12 ണ
	ഒരു ലീഗിനും ഒരു കത്തോലിക്കാകുടുംബത്തിനുംകൂടി	15 ണ.
	പ്രേഷിതകേരളം (Home Field)	1 ക.
തപാൽ	ലീഗ് ഒറ്റപ്രതിക്ക് ആണ്ടിൽ മുൻകൂർ	1 ക.
	ലീഗിനും കത്തോലിക്കാകുടുംബത്തിനുംകൂടി	1 ക. 3 ണ.
	പ്രേഷിതകേരളം (Home Field)	1 ക. 4 ണ.

ജനറൽ സെക്രട്ടറി,

എസ്. എച്ച്. ലീഗ്, മംഗലപ്പുഴ സെമ്മിനാരി

ആലുവാ ബ്രാഞ്ച് A. O. & P. O.

ഇവ വായിച്ചിട്ടുണ്ടോ?

1.	തെരേസാ ന്യൂമാൻ ...	1	12	0
2.	ത്യാഗധീരൻ (വി. നോർബർട്ട്) ...	1	10	0
3.	ശാന്തിനികേതനത്തിലേക്ക് ...	1	6	0
4.	വി. അഗസ്തീനോസ് ...	1	6	0
5.	പോപ്പുരാജൻ ...	2	4	0
6.	രക്തസാക്ഷിവിജയം ...	1	14	0
7.	വി. അലോഷ്യസ് ഗൊൺസാഗാ ...	1	12	0
8.	വി. അൽഫോൻസ് ലിഗോരി ...	1	12	0
9.	തിരുമുമ്പിൽ (വാ. പീറ്റർ ജൂലിയൻ എയ്മാർഡ്)	1	10	0
10.	തെയോഫിൻ വെനാർഡ് ...	1	8	0
11.	ജമ്മാ ഗൽഗാനി ...	1	8	0
12.	ദീനബന്ധു (വി. പീറ്റർ ക്ലേവർ) ...	1	6	0
13.	വനിതാദർശം ...	1	6	0
14.	വിദ്യാർത്ഥിമിത്രം ...	0	10	0
15.	ഭാസ്വത്യമാതൃക ...	0	8	0
16.	ഇൻഡ്യൻ മിഷനറി ...	0	4	0
17.	വി. ബർണാദീത്ത ...	0	4	0
18.	തിരുഹൃദയാനുകരണം ...	3	8	0
19.	ആദ്ധ്യാത്മിക ശിക്ഷണം ...	1	10	0
20.	ആദ്ധ്യാത്മികസന്ദേശം ...	1	10	0
21.	പ്രേഷിതാഹ്വാനം ...	1	6	0
22.	ഗലിലേയന്റെ സേനയിൽ ... (മി. ആർനോൾഡ് ലണ്ണിന്റെ "Now I See" എന്ന പ്രശസ്തഗ്രന്ഥത്തിന്റെ പരിഭാഷ)	2	14	0
23.	പരിണാമസങ്കല്പം ...	2	12	0
24.	ക്രിസ്തുമതവും സർ സി. പി. യും ...	2	4	0
25.	സത്യവേദപ്രകാശിക (മൂന്നു ഭാഗങ്ങളും) ...	1	11	0
26.	വിചാരമോ വികാരമോ ...	1	8	0
27.	ജാതകവും കൈനോട്ടവും ...	0	5	0
28.	കത്തോലിക്കാമതവും ദേശീയസംസ്കാരവും ...	0	4	0

(ശേഷം കവർ 3-ാം പേജിൽ)